darsana

MAY 2021

# THE EYE





THE EYE

**MAY 2021**

# മുഖക്കുറിപ്പ്

മഹാമാരികളുടെ കാലം നോവലുകളിൽ വായിച്ചറിഞ്ഞു സങ്കല്പിച്ച ദുരിതങ്ങളല്ല നമുക്കിന്ന്. മാർക്വസോ, താരാശങ്കർ ബാനർജിയോ, തകഴിയോ വരച്ചിട്ട കോളറയുടേയോ പ്ലേഗിന്റേയോ വസൂരിയുടെയോ ഭീതികളുടെ കാലം ഇപ്പോൾ ചുറ്റിലും മൂടിനിൽക്കുന്നുണ്ട്. പിംഗളകേശിനിയായ മരണം അതിന്റെ പതിഞ്ഞ ചുവടുകളിൽ ഉറ്റവരെ വിളിച്ചിറക്കി കൊണ്ടുപോവുന്നത് നിസ്സഹായരായി നോക്കിനിൽക്കേണ്ടി വരുന്നവരുടെ വാർത്തകൾ നിത്യേന കേട്ടുകൊണ്ടിരിക്കുന്നു. ഗംഗയിൽ മൃതശരീരങ്ങളൊഴുകുന്ന ദൃശ്യങ്ങൾ ഭീതിപ്പെടുത്തുന്നു.

ദർശന കുടുംബാംഗങ്ങളുടേയും പരിചയവലയത്തിന്റേയും ഇടയിലും ദു:ഖകരമായ വാർത്തകൾ വർദ്ധിച്ചു വരുന്നു. സങ്കടങ്ങളുടെ ഇമോജികൾ വാട്സാപ്പ് ഗ്രൂപ്പുകളിൽ നിറഞ്ഞു. കൂട്ടത്തിൽ പെട്ടവരുടെ വേർപാട് അതിനിടയിൽ ഞെട്ടിച്ചുകളയുന്നു. ദർശന അംഗവും വലിയൊരു സൗഹൃദസംഘത്തിന്റെ സ്നേഹവുമായിരുന്ന 1989 ബാച്ചിലെ എ.കെ.ജോൺസ് മുംബൈയിലും, എൺപതുകളിലെ കാമ്പസ് തിയേറ്ററിന്റെ ക്ഷണിതാവായി നാടകപരിശീലകനായെത്തിയ പ്രമുഖ നാടകസംവിധായകനായ കെ.കെ.രാജൻ ഭോപ്പാലിലും കോവിഡിനു കീഴടങ്ങി. അവരുൾപ്പെടെ, നമ്മെ വിട്ടുപോയവർക്ക് ആദരാഞ്ജലികൾ!

ആധികളുടെ ഈ കാലത്ത് പ്രത്യാശയുടേതായ വാർത്തകളെ നാം ആവേശത്തോടെ ഉറ്റുനോക്കുന്നു. കേരളത്തിലെ ഇടതുപക്ഷസർക്കാറിന്റെ ഭരണത്തുടർച്ച അക്കൂട്ടത്തിൽ ഒന്നാണ്. അത്തരത്തിലൊരു പ്രതീക്ഷയെ വിശ്വാസ്യതയായി നിലനിർത്താനും നിരന്തരം പരിശോധിക്കാനും കഴിയുക എന്നത് പുരോഗമനപരമായി ചിന്തിക്കുന്ന ഏതൊരു കൂട്ടായ്മയുടേയും ഉത്തരവാദിത്തവുമാണ്.

പ്രതീക്ഷകളോടെ

**പത്രാധിപസമിതി**

# THE EYE

MAY 2021

# INDEX


## ലേഖനങ്ങൾ

Maha Kumbh During the Pandemic — 13
*Sharmila Narayana*

Examining Feminism and Social Realities — 17
*Nisha Sukesh*

Ignite the spark within — 25
*Manoj K C*

## ആദരാഞ്ജലി

**കെ.കെ.രാജൻ** — 5
*പ്രകാശ് ബാരെ*

**ജോൺസ്.എ.കെ** — 6
*നിരഞ്ജൻ.ടി.ജി*

## അതിഥികവിത

**മരണം മരണത്തെ സാക്ഷ്യപ്പെടുത്തുന്നു** — 7
*പി.എൻ.ഗോപീകൃഷ്ണൻ*

**പത്ത് ടാബ്ലറ്റുകൾ** — 8
*കമറുദ്ദീൻ ആമയം*

**പാട്ട്** — 9
*വിവർത്തനം: വി.മുസഫർ അഹമ്മദ്*

## നർമ്മം

**മുതലാളിക്കൊരു മംഗളഗീതം** — 22
*സുമിത*

## ഓർമ്മ


**ഒരു തിരിച്ചുപോക്ക്** — 10
*ചാൾസ് മോൺസി*

**ഒരു ഉദ്ഘാടനത്തിന്റെ കഥ** — 30
*നിരഞ്ജൻ .ടി.ജി*

## കുറിപ്പുകൾ

Lockdown Notes — 28
*Rekha Suresh*



# HOMAGE



കെ.ആർ ഗൗരി എന്ന ജനനേതാവിനെ അടയാളപ്പെടുത്താൻ 68 വർഷം മുമ്പ് തിരുകൊച്ചി നിയമസഭയിൽ അവർ നടത്തിയ ഈ പ്രസംഗം മാത്രം മതി :

മണ്ണുള്ള വീട്ടിലെ പെണ്ണിന്റെ പേറെടുക്കാൻ പോകുന്ന മിഡ് വൈഫുമാർ ചെയ്യുന്നത് എന്താണെന്ന നിങ്ങൾക്കറിയുമോ, മിസ്റ്റർ ഗോവിന്ദമേനോൻ (പനമ്പിള്ളി)? വേണ്ട കോളറയുള്ള വീട്ടിൽ? അല്ലെങ്കിൽ വസൂരിയുള്ള വീട്ടിൽ? അവിടെയൊക്കെ പേറ് നടക്കുന്നുണ്ടെന്നെങ്കിലും നിങ്ങൾ അറിയുന്നുണ്ടോ മിസ്റ്റർ ഗോവിന്ദ മേനോൻ? ഒന്നും വേണ്ട.... നാട്ടിൽ കോളറയുണ്ട്, വസൂരിയുണ്ട്, പ്ളേഗുണ്ട് എന്നെങ്കിലും നിങ്ങൾ അറിയുന്നുണ്ടോ? ഇതിനൊക്കെ ഇടയിലൂടെ ഇന്ന് ഓരോ വീട്ടിലും കയറിയിറങ്ങാൻ ധൈര്യം ഈ മിഡ് വൈഫുമാർക്കു മാത്രമേയുള്ളൂ. അവർ നിങ്ങൾ ഭരണക്കാരേപ്പോലെ അറച്ചു നിൽക്കില്ല. ഓരോ വീട്ടിലും പോകും. പക്ഷേ, അവർക്ക് ആഴ്ചയിൽ നാലു നാഴി അരി കൊടുക്കണം എന്നു പറഞ്ഞാൽ നിങ്ങൾ ഖജനാവിനുമേൽ കെട്ടിപ്പിടിച്ചു പൂണ്ടുകിടക്കും.

'കുട്ടനാട്ടിലൊക്കെ കോളറയും വസൂരിയും ഓരോ വീട്ടിലും പടർന്നു കയറുകയാണ്. ഒരു വീട്ടിൽ നിന്ന് വേറൊരു വീട്ടിലേക്ക് അതു പകരാതിരിക്കാൻ ആളുകളെ നിങ്ങൾക്കൊന്നു തടഞ്ഞു നിർത്തിക്കൂടേ? പൊലീസിന്റെ ഉച്ചഭാഷിണികൊണ്ട് രോഗമുള്ള വീട്ടിൽ നിന്നാരും പുറത്തിറങ്ങരുതെന്ന് നിങ്ങൾക്കൊന്നു വിളിച്ചു പറഞ്ഞുകൂടേ? ഈ രോഗമൊന്നു നിൽക്കുന്നതുവരെ അകത്തു തന്നെ ഇരിക്കാൻ ആ വീടുകളിൽ ചട്ടംകെട്ടാൻ നിങ്ങൾക്ക് കഴിയാത്തത് എന്തുകൊണ്ടാണ്?

'ആളുകൾ പുറത്തിറങ്ങിയില്ലെങ്കിൽ അവർക്ക് കഞ്ഞിക്കുവകയുണ്ടാവില്ല. അരി സർക്കാർ കൊടുക്കണം. അതു നിങ്ങൾക്കു കഴിയില്ല. ഞാൻ ഈ പ്രതിപക്ഷത്തു നിന്ന് പറയുകയാണ്, നിങ്ങൾക്കു വെളിവുണ്ടെങ്കിൽ, ഈ നാടിനോട് എന്തെങ്കിലും ഉത്തരവാദിത്തം ഉണ്ടെങ്കിൽ ചെയ്യാനായി ഒന്നുകൂടി പറയുകയാണ്. രോഗമുള്ള വീട്ടിലെ ആളുകളെ വീട്ടിൽ തന്നെ ഇരുത്തുക. അവർക്കും മിഡ് വൈഫുമാർക്കും സർക്കാർ തന്നെ അരികൊടുക്കുക. അതു നിങ്ങളെക്കൊണ്ടു പറ്റുമോ?'

ജനാധിപത്യ കേരളത്തിലെ നിയമസഭാ രേഖകളിൽ ഉള്ള ആദ്യത്തെ ലോക് ഡൗൺ നിർദേശം ഇതാണ്. പ്രിയസഖാവേ.. ഈ മഹാമാരിയുടെ കാലത്ത് നിങ്ങളുടെ പോരാട്ടങ്ങളാലും ഇച്ഛാശക്തിയാലും നിർവചിക്കപ്പെട്ട ഞങ്ങളുടെ തലമുറയുടെ ജീവിതത്തിന് കടപ്പാടറിയിക്കുന്നു.


**ആദരാഞ്ജലികൾ..!**

**LAL SALAM**

# HOMAGE



What a damned time we are going through.. our beloved friend KK Rajan also left us in this pandemic season. He used to be our umbilical cord to the world of theater - drama school, Jose Chirammel, Root, Cult, Brecht, Becket.. He was an amazing actor which has inspired a whole bunch of us into serious acting and theater in palakkad Engg college. I just can't believe that all our planning for future collaborations and stage productions of Anand's and Mukundan's works.. everything stands erased. I will never see that laughter and hear you calling me "edaa prakaashaa.." Adieu my friend. Adieu..



A rare image capturing the precious memories of that palakkadan theater era. Dont remember clearly whether this was the calicut university interzone or the ezone festival. Not sure which Becketian play it was. Susheel, Mohandas, myself and Jahangeer.. We four were Rajan's Hamm, Clove, Nagg and Nell of the Endgame.. Gogo, Didi, Pozzo and Lucky in Godot. I was also his unnamed man of the Act without words. The dream of another coming together.. another project.. will now remain as a dream.

***-Prakash Bare 1986 EEE***

*K.K. Rajan had partnered with a group of Chilean artists in 2001, to produce a play 'Echoes of Comala' based on the Juan Rulfo novel 'Pedro Parama.' The Indian actors were Martin (now Martin Oorali,sitting back row right) , Rajan and Ravishanker N (Poet and translator Ra Sh, sitting back row left) . On the Chilean side were Paula Meru , Thomas Bentin and Elías Cohen Lecoyote who was also the Director. It was a Spanish-English-Malaya lam production sponsored by the Sangeetha Nataka Akademi.*



# HOMAGE



70 കളിലെ റോക്ക് മ്യൂസിക്ക് ബാൻഡുകളിൽ നിന്നൊരാൾ ലുങ്കിയുമുടുത്ത് ഇറങ്ങിവന്ന പോലെ എന്നാണ് ജോൺസിനെ ആദ്യം കാണുമ്പോൾ തോന്നിയ ഉപമ. വളരെ സൗമ്യമായി പതിഞ്ഞ ശബ്ദത്തിൽ ഒരേ സ്ഥായിയിൽ കിഴക്കൻ യൂറോപ്പിലെ പ്രതിസന്ധികളെക്കുറിച്ചോ രജനീകാന്തിന്റെ പടത്തെക്കുറിച്ചോ അപ്പോൾ കളിച്ചുതീർന്ന ഇരുപത്തെട്ടിന്റെ പിടിയിലെ ആദ്യത്തെ ഇറക്കത്തെക്കുറിച്ചോ ഒരേ പോലെ സംസാരിക്കുന്ന ഒരാൾ. വല്ലാതെ ആവേശം വന്നാൽ ചെറുതായി ഒന്ന് വിക്കി തോളത്ത് പിടിക്കുന്ന സ്നേഹം. വോളിബോൾ കോർട്ടിലിറങ്ങിയാൽ വയനാട്ടിൽ വളർന്ന് പരുവപ്പെട്ട എല്ലാ കരുത്തുമെടുത്ത് തകർക്കുന്ന സ്മാഷുകളാൽ മറ്റൊരാളായി മാറുന്നവൻ. അകത്തേത്തറയിലെ വേനലുകളിൽ ഒന്നിച്ച് നടന്ന ശേഷം വീണ്ടും ബോംബെയിലെ ബഹളങ്ങളിൽ പകൽ മുഴുവൻ അലഞ്ഞുമുഷിഞ്ഞെത്തി സി.ജി.എസ് ക്വാർട്ടേഴ്സിലെ താവളങ്ങളിൽ പാചകപരീക്ഷണദുരന്തങ്ങൾ പരസ്പരം പങ്കിട്ട് കഴിഞ്ഞ് ദൃഢമായ ബന്ധങ്ങൾ. റെജിയുടെ നേതൃത്വത്തിൽ മുംബൈയിൽ തൊഴിലന്വേഷകരായി എത്തിയ ശ്യാംദേവും അനിൽകുമാർ.സിയും ഷിജുപോളും ബിനിലും മഹീന്ദ്രനാഥും ഒക്കെ അടങ്ങുന്ന ഞങ്ങളുടെ ബാച്ചിലെ ഒരു സംഘത്തിലെ ആദ്യത്തെ അംഗമായിരുന്നു ജോൺസ്. പിന്നീട് ജൂനിയർ ബാച്ചിലെ ജോജി ഈപ്പനും ജസ്റ്റിൻ ജോസഫും അങ്ങനെയങ്ങനെ മുംബൈ ഇടത്താവളമാക്കിയ ഒരുപാടുപേർ. എല്ലാവർക്കും നല്ലതു മാത്രം ഓർക്കാനുള്ള ജോൺസ്. ഒടുവിൽ കണ്ട് പിരിയുമ്പോഴും ഫോണിൽ സംസാരിക്കുമ്പോഴും സ്വയം തിരഞ്ഞെടുത്ത പതിഞ്ഞ ജീവിതത്തെ നിർമ്മമനായി നോക്കിക്കണ്ട് ജോൺസ് പതിവുപോലെ സൗമ്യമായ ആ ചെറുചിരി കേൾപ്പിച്ചു.

ആശുപത്രിയിൽ നിന്ന് തിരിച്ചുവരവ് പ്രതീക്ഷിച്ചിരുന്നപ്പോൾ പതിവില്ലാത്ത നേരത്ത് വന്ന റെജിയുടെ ഫോൺ ഞെട്ടിച്ചു. പ്രിയപ്പെട്ട ചങ്ങാതീ.. നീ പോയി എന്ന് വിശ്വസിക്കാനാവുന്നില്ല. ഈ ഗ്രൂപ്പ് ഫോട്ടോയിലെപ്പോലെ മറ്റാരെയും ഗൗനിക്കാതെ പിറകിൽ ഒരറ്റത്ത്, കൂട്ടത്തിൽ ഉണ്ടായിട്ടും ഇല്ലാത്തപോലെ നീ നില്പുണ്ടെന്ന് കരുതട്ടെ..!

***-നിരഞ്ജൻ.ടി.ജി 1989 ME***



*ഈ ലക്കത്തിലെ അതിഥിസാന്നിദ്ധ്യങ്ങളിൽ ആദ്യം പ്രമുഖ കവി പി.എൻ. ഗോപീകൃഷ്ണനാണ്. നമ്മുടെ കാലഘട്ടത്തെ ഏറ്റവും പുതുക്കമുള്ള ഭാവുകത്വത്താൽ രാകി മൂർച്ച കൂട്ടിയ ഭാഷ കൊണ്ട് അഭിസംബോധന ചെയ്യുന്ന എഴുത്തുകാരൻ എന്നതോടൊപ്പം തന്റെ ചുറ്റുപാടുകളിൽ ഉത്തരവാദിത്തത്തോടെ സജീവമായി ഇടപെടുന്ന ഒരു സാംസ്കാരികപ്രവർത്തകൻ എന്ന നിലയിൽ ഗോപീകൃഷ്ണന്റെ കവിത ദർശനയുടെ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുന്നു എന്നതിൽ അഭിമാനമുണ്ട്. ഇക്കാലത്ത് ഇരുണ്ട കവിതകൾ മാത്രം എഴുതപ്പെടുന്നതിൽ ഉള്ള ആകുലതയോടെ അദ്ദേഹം അയച്ചു തന്ന കവിതയിൽ ആധികളുടെ ഈ കാലം വിങ്ങിനിൽക്കുന്നു.*

# മരണം മരണത്തെ സാക്ഷ്യപ്പെടുത്തുന്നു



***പി.എൻ.ഗോപീകൃഷ്ണൻ***

**മ**രണം മരണത്തെ
സാക്ഷ്യപ്പെടുത്തുന്നു.
മരണം മരണത്തെ
അനുമോദിക്കുന്നു.
മരണം മരണത്തെ
അവരോധിക്കുന്നു.

ലോകത്തിലെ
എല്ലാ തെരുവുകളിലും.

ജീവിതം
ഒരു പഴകിയ പരിപ്പുവടയും
കഴിച്ച് നിൽക്കുന്ന ചിത്രം
ഫേസ്ബുക്കിൽ ഒരു പോസ്റ്ററായ്
കറങ്ങിക്കൊണ്ടിരിക്കുന്നു.
ലോകത്തിന്റെ
ഉപഗ്രഹമായി.

അത് നൃത്തം ചവിട്ടിയിരുന്നു
എന്ന് ചിലർ പറയുന്നു.
അല്ല ,സൈക്കിളാണ്
ചവിട്ടിയിരുന്നതെന്ന്
മറ്റ് ചിലർ.
അഭിപ്രായ പ്രകടനങ്ങൾക്കിടയിൽ
ഓരോരോ പല്ലുകൾ കൊഴിഞ്ഞ്
അവരും
ഇല്ലാതായ്ക്കൊണ്ടിരിക്കുന്നു .

എങ്കിലും
ഓക്സിജൻ സിലിണ്ടറുകൾ
തെരുവുകളിലൂടെ
പാഞ്ഞുപോകുമ്പോൾ
മനുഷ്യത്വം
പായിൽ നിന്ന് എണീക്കുന്നു.
"സരസ്വതീ ,
ഒണക്കമീൻ
കരിയ്ണ് ണ്ടോ ?"
എന്ന്
വിളിച്ച് ചോദിക്കുന്നു.

ഏതോ ഒരു വേദിയിൽ
ഏതോ ഒരു മരണത്തിന്
ഇത്തിരി വേവലാതി
തോന്നുന്നു
................................
(കോവിഡ് ടീസറുകളിൽ നിന്ന് )






# പത്ത് ടാബ്ലറ്റുകൾ



*കമറുദ്ദീൻ ആമയം*

1
മഴയത്ത്
മീനിന്,
പുഴതന്നെ കുട

2
അടച്ചിരിപ്പ്
ജാലക വിരികളാക്കി
സ്വാതന്ത്രരാക്കി
അടിയുടുപ്പുകളെ

3
തൊട്ട സ്ക്രീനിൽ
പടം   വിടർത്തിയപ്പോൾ
കണ്ടു
ഇതുവരെ കണ്ണിൽപ്പെടാത്ത
അവളുടെ കീഴ്ത്താടിയിലെ
നീല മറുക്

4
എഴുതി വെച്ചിരിക്കുന്ന അവൾ
പഞ്ചാസാര ടിന്നിനു മുകളിൽ
റഫ്രിജറേറ്ററിന്റെ വാതിലിൽ
മൊബൈൽ ചാർജ്ജറിന്റെ മണ്ടയിൽ
വീഞ്ഞു കുപ്പിയുടെ കോർക്കിൽ
നിലകണ്ണാടിയുടെ പള്ളയിൽ
"വല്ലപ്പോഴും നീയെന്നോട്
മിണ്ടണേ, പണ്ടത്തെപ്പോലെ .

5
രാത്രി
കടൽക്കരയിലെ
ഊഞ്ഞാലിൽ
കിടക്കുമ്പോൾ
അരിവാൾ ചന്ദ്രന്റെ
മടിത്തട്ടിൽ അമരുന്ന മാതിരി .

6
തോണിയും തുഴയും
കാട്ടിത്തരുന്നുണ്ട്
ഒരു ഗാന്ധിമാർഗ്ഗം

7
അനാഥമായ് കിടക്കുന്ന
കണ്ണുതുറിച്ച് വെള്ളത്തിൽ
ഒരു സ്കേറ്റിങ്ങ് ബോഡ് ,
ഒരു ചീങ്കണ്ണി കണക്കേ

8
കുളിക്കാനിറങ്ങിയവരുടെ
റബ്ബർ ചെരുപ്പുകൾ
പകുതി കാണും വിധം
മണലിൽ കുഴിച്ചിട്ട്
കുട്ടികൾ കബർ കളിക്കുന്നു.

9
കെട്ടുപിണഞ്ഞ്
ഊഞ്ഞാൽ വള്ളികൾ
പറയാൻ ശ്രമിക്കുന്നത്
നിനക്കൊരു
കൂട്ട് വേണമെന്നാണ്.

10
ഷവറിനടിൽ നിന്ന്
മുടി മുറിക്കാൻ
എന്ത് എളുപ്പം
മുറിക്കുന്നത് മുടിയാണെന്ന്
തോന്നുകയുമില്ല.

*അബുദാബിയിൽ ജോലി ചെയ്യുന്ന ശ്രീ. കമറുദ്ദീൻ ആമയം പ്രവാസലോകത്തെ ശ്രദ്ധേയനായ കവിയും എഴുത്തുകാരനും സാംസ്കാരിക പ്രവർത്തകനും പശ്ചിമേഷ്യൻ കവിതകളുടെ വിവർത്തകനുമാണ്.*



# പാട്ട്

*അബ്ദുള്ള അബ്ദുൽ വഹാബ്*
*(യു.എ.ഇ)*



***വിവർത്തനം :***
***വി. മുസഫർ അഹമ്മദ്***

കുഴിമാടം പോലുള്ള
ഞാൻ മാത്രമുള്ള മുറിയിൽ
അവസാനത്തെ സിഗരറ്റ്
കത്തിച്ചു കൊണ്ട്
ഞാൻ പാടി:
ഓ, സൂര്യന്റെ
കുഞ്ഞു പുത്രീ
ഞാൻ രോഗിയാണ്
മരണം
എന്റെ പടിവാതിൽക്കലുണ്ട്.

***വി. മുസഫർ അഹമ്മദ്:***
*പത്രപ്രവർത്തകൻ, വിവർത്തകൻ, കവി, യാത്രികൻ. ഏറെക്കാലത്തെ പ്രവാസജീവിതത്തിനു ശേഷം മാധ്യമം പിരീയോഡിക്കൽസ് എഡിറ്ററായിരുന്നു. യാത്രാവിവരണത്തിനുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരജേതാവാണ്. വേലിക്കും വിളവിനും (കവിതകൾ), മുറിവുകളുടെ പെണ്ണിന്- പാലസ്തീനിൽ നിന്നും ഇറാക്കിൽ നിന്നുമുള്ള പെൺകവിതകൾ (വിവർത്തനം) മരുഭൂമിയുടെ ആത്മകഥ (യാത്രാവിവരണം) മയിലുകൾ സവാരിക്കിറങ്ങിയ ചരിവിലൂടെ എന്നിവ കൃതികൾ.*





# ഒരു തിരിച്ചുപോക്ക്



*ചാൾസ് മോൺസി*
*(EEE 2008)*

**ഭാഗം ഒന്ന് - നൊസ്റ്റാൾജിയ**

എഞ്ചിനീയറിംഗ് ലാറ്ററൽ പ്രവേശനം നേടിയ കാലമാണെന്നു തോന്നുന്നു. പാലക്കാട് എൻ.എസ്.എസ് കോളേജിലേക്കുള്ള യാത്രാ മധ്യേ ട്രെയിനിൽ വച്ചാണ് ഞാൻ അദ്ദേഹത്തെ പരിചയപ്പെടുന്നത്. സ്വതവേ അപരിചിതരോട് അടുത്തിടപഴകാൻ ഞാൻ താത്പര്യം കാണിക്കാറില്ല എങ്കിലും ഞങ്ങൾ തെരഞ്ഞെടുത്ത വിഷയത്തിൻറെ പ്രത്യേകത കൊണ്ടാകാം പരിചയപ്പെട്ട നിമിഷം മുതൽ അദ്ദേഹം ഇറങ്ങിയ ഷൊർണൂർ സ്റ്റേഷൻ വരെ ഞങ്ങൾ സംസാരിച്ചുകൊണ്ടേയിരുന്നു.

15 വർഷങ്ങൾക്കിപ്പുറം ഓർത്തെടുക്കുമ്പോൾ അദ്ദേഹത്തിൻറെ പേരോ മറ്റു വിശദാംശങ്ങളോ എനിക്കിപ്പോൾ ഓർമ്മയില്ല. അന്ന് പരിചയപ്പെട്ടപ്പോൾ അദ്ദേഹത്തിന് ഏകദേശം 50 വയസിനു മുകളിൽ പ്രായം കാണും. കൊല്ലം ടി.കെ.എം അല്ലെങ്കിൽ തിരുവനന്തപുരം സി.ഇ.ടിയിൽ നിന്നും എൻജിനീയറിങ് 70കളിൽ പാസായ ഒരു വ്യക്തിത്വം.

അദ്ദേഹം പറഞ്ഞു: "എൻജിനീയറിങ് പാസായ ഞാൻ പിന്നീട് തുടർപഠനത്തിന് തിരഞ്ഞെടുത്തത് എം.ബി.എ ആയിരുന്നു. അന്ന് എല്ലാവരും എന്നെ കളിയാക്കി, വഴക്കു പറഞ്ഞു. പക്ഷേ പിന്നീട് ഇപ്പോൾ മിക്ക എഞ്ചിനീയറിങ് ബിരുദധാരികളും മാനേജ്മെന്റ് തലത്തിൽ കോഴ്സുകൾ ചെയ്യുന്നു. ഇന്നു വിരോധാഭാസമായി കാണുന്ന പലതും പിന്നീട് ശരിയായി മാറുന്നതിന് ഒരു ഉദാഹരണം മാത്രമാണിത്."

സത്യത്തിൽ ഞാൻ വയനാട്ടുകാരൻ ആണെന്ന് അറിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: "നിങ്ങളുടെ വയനാട് ഒരു നാൾ ഒരു സ്വപ്നഭൂമിയായി മാറും. ആ മാറ്റം



ഇവിടുത്തെ രാഷ്ട്രീയക്കാരോ ഒന്നുമല്ല കൊണ്ടുവരിക. ഒരു കാലഘട്ടത്തിൻറെ ആവശ്യം ആയി പ്രകൃതി തന്നെ മാറ്റം കൊണ്ടു വരും.''

എല്ലാവർക്കും പ്രിയങ്കരമായ വാരാന്ത്യ വിനോദ സഞ്ചാര സങ്കേതമായി മാറുന്ന വയനാട്, കൽപ്പറ്റ ലക്കിടിയിൽ നിന്നും താമരശ്ശേരിയിലേക്ക് റിസർവ് വനങ്ങൾക്ക് മുകളിലൂടെ പറന്നിറങ്ങുന്ന ട്രാം കാറുകൾ, അതുമായി ബന്ധപ്പെട്ട ടൂറിസം മേഖലയുടെ വളർച്ച. 'വള്ളി' സർവീസ് എന്നുപറഞ്ഞ് കളിയാക്കപ്പെടുന്ന ഓരോ വയനാട്ടുകാരനും അഭിമാനിക്കാവുന്ന കുറെ നിമിഷങ്ങൾ. എന്റെ ചിന്തകൾ പടർന്നു പന്തലിച്ചപ്പോളേക്കും ട്രെയിൻ ഒലവക്കോട് എത്തി.

ത്രിവത്സര ഡിപ്ലോമയ്ക്ക് ശേഷം ലാറ്ററൽ പ്രവേശനവുമായി പാലക്കാട് എത്തിയപ്പോൾ ഒരു വ്യത്യാസം ഞാൻ മനസിലാക്കി. ധീരരക്തസാക്ഷി സഖാവ് കെ.വി.സുധീഷിന്റെ കുത്തുപറമ്പിൽ നിന്നും പഠിച്ചിറങ്ങിയവനെന്ന നിലയിലുള്ള പരിഗണന പോളിടെക്നിക്കിലെ പുരോഗമന വിദ്യാർത്ഥി പ്രസ്ഥാനം നൽകിയപ്പോൾ, വിദ്യാർത്ഥി രാഷ്ട്രീയം ഒരു തണുപ്പനായാണ് പാലക്കാട് അനുഭവപ്പെട്ടത്. നിർമലഗിരിയിലെ കലുഷിതകലാലയരാഷ്ട്രീയവും, അക്രമങ്ങളും, ക്രൂരമായ ഹോസ്റ്റൽ റാഗിങ്ങും അക്രമ രാഷ്ട്രീയത്തോടുള്ള വിയോജിപ്പ് അതിനകം എന്നിലുണ്ടാക്കിയിരുന്നു. '94 ജനുവരി 27 ലെ ദേശാഭിമാനി പത്രം മുഴു ആവർത്തി വായിച്ചിട്ടുള്ളവർക്കാർക്കും ഒരു തരത്തിലുമുള്ള അക്രമപ്രവർത്തനങ്ങളെയും ന്യായീകരിക്കാനാകില്ല. അതിനാൽത്തന്നെ പിന്നീടങ്ങോട്ട് ഒരു ഗാന്ധിയൻ സമീപനം കൈക്കൊള്ളാൻ ഞാൻ എപ്പോളും ശ്രമിച്ചിരുന്നു. കൂടാതെ കോളേജ് അഡ്മിഷനും പഠനവുമെല്ലാം സ്വന്തം നിലയ്ക്കായതിനാൽ എഡ്യൂക്കേഷൻ ലോണിന്റെ പലിശയും തിരിച്ചടവും കണക്കു കൂട്ടുമ്പോൾ എങ്ങനെയെങ്കിലും എഞ്ചിനീയറിംഗ് പാസ് ആകുക എന്നതിലപ്പുറം മറ്റൊരു ലക്ഷ്യവും എന്റെ മുന്നിൽ ഉണ്ടായിരുന്നില്ല.

സാരഥിയുടെ റേഡിയോ, ചുവർ എഴുത്തുകൾ, ഒരിക്കലും പിരിയരുതെന്ന് ആഗ്രഹിച്ചുപോകുന്ന ഒരുപാട് നല്ല സുഹൃദ്ബന്ധങ്ങൾ. എൻ.എസ്.എസ് എഞ്ചിനീയറിംഗ് കോളേജ് നല്ല ഒരുപാട് ഓർമകളുടെ ആകെത്തുകയാണ്.

കോളേജ് അവധി ദിവസങ്ങളിലെ വയനാടൻ യാത്രകളിൽ കോഴിക്കോടൻ ചുരം കയറുമ്പോൾ കെ.എസ്.ആർ.ടി.സിയിലെ സൈഡ് സീറ്റിൽ ഇരുന്നു ഞാൻ പലപ്പോഴും ട്രെയിനിൽ വച്ച് പരിചയപ്പെട്ട ആ വ്യക്തിത്വത്തെ ഓർക്കുമായിരുന്നു. ഹെയർ പിൻ വളവു തിരിയുമ്പോൾ തലയ്ക്കു മീതെ കാണുന്ന ഹൈ




ടെൻഷൻ ടവറുകളും ട്രാൻസ്മിഷൻ ലൈനുകളും ട്രാം കാറിന്റെ കേബിളുകളും സപ്പോർട്ടിങ് സ്ട്രക്ച്ചറുകളുമാണെന്ന് ഞാൻ സങ്കല്പിച്ചു. ആ കേബിളുകളിൽക്കൂടെ പറന്നിറങ്ങുന്ന ട്രാം കാറുകളിൽ മതിമറന്നു സഞ്ചരിക്കുമ്പോൾ പെട്ടെന്ന് കേബിളുകൾ പൊട്ടി താഴേക്ക് വീണതായി തോന്നിക്കുമാറ് ബസ് റോഡിലെ ഗട്ടറുകളിൽ വീണുലഞ്ഞു. അല്പം നീരസത്തോടെയെങ്കിലും പറയട്ടെ, രാഷ്ട്രീയക്കാർ തഴഞ്ഞ വയനാടിന് അവർ മൂലം വികസനം ഒന്നും സംഭവിക്കുമെന്ന പ്രതീക്ഷ എനിക്കില്ല. അദ്ദേഹം പറഞ്ഞ പോലെ കാലഘട്ടത്തിൻറെ ആവശ്യം ആയി പ്രകൃതി തന്നെ മാറ്റങ്ങൾ കൊണ്ടുവരട്ടെ.

ഒരു കോൺഗ്രസ് കുടുംബത്തിൽ ജനിച്ച ഞാൻ കമ്മ്യൂണിസ്റ്റ് ചിന്തകളിൽ ആകൃഷ്ടനായത് പ്രധാനമായും സഹജീവി സ്നേഹം കൊണ്ട് മാത്രമാണ്. കുത്തുപറമ്പ് നിർമലഗിരിയിലെ കാലയളവിൽ 'പഠിക്കുക, പോരാടുക' എന്ന ആദർശത്തിൽ നിന്ന് പോരാട്ടത്തിലേക്ക് മാത്രം ഒതുങ്ങി പോകുന്ന പുരോഗമന പ്രസ്ഥാനത്തെ കണ്ടപ്പോൾ ഞാൻ ഇതിലേക്കില്ല എന്നുറച്ചതാണ്. പോളിടെക്നിക് കാലയളവിൽ ഇടത് ഓരം ചേർന്നു പ്രവർത്തിക്കുന്ന മറ്റൊരു വിദ്യാർത്ഥിപ്രസ്ഥാനത്തിൽ പ്രവർത്തിച്ചതും അത് കൊണ്ട് തന്നെ.

പിന്നീട് കുറച്ചു വർഷത്തെ ജോലിയും ബദ്ധപ്പാടുകൾക്കും ശേഷം അകത്തേത്തറയിൽ ഉപരി പഠനത്തിനായി എത്തിയത് കലാലയ രാഷ്ട്രീയത്തിൽ ആകൃഷ്ടനാകരുത് എന്ന ഉറച്ച തീരുമാനത്തോടെ ആയിരുന്നു. എങ്കിലും എന്റെ മനസ് എന്നും സ്വാതന്ത്ര്യം, ജനാധിപത്യം, സോഷ്യലിസം എന്നീ ആശയങ്ങളോട് ചേർന്ന് നിന്നു. MH2 ഹോസ്റ്റലിലെ സഖാക്കൾക്കൊപ്പം പിന്നണിയിലാണെങ്കിലും പ്രവർത്തിച്ചതും എന്നിലെ ഞാനെന്ന കനൽ കെടാതിരിക്കാനാണ്.

**ഭാഗം രണ്ട് - യാഥാർത്ഥ്യം**

ലോണിന്റെ തിരിച്ചടവിനു നാട്ടിലെ ജോലി മതിയാവില്ലെന്ന തിരിച്ചറിവിനാൽ നേരെ ഗൾഫിലേക്ക്. ഒടുവിൽ കുടുംബസ്ഥനായി കാനഡയിലേക്ക്. പഠിച്ചത് എഞ്ചിനീയറിംഗ് ആണെങ്കിലും 'എഞ്ചിനീയർ' എന്ന് അഭിസംബോധന ചെയ്യാൻ ഇവിടെ പരീക്ഷ എഴുതി തെളിയക്കണമത്രേ. ഒരു എൻ.എസ്.എസ്. കാരന് ഇതൊക്കെ ഒരു ചലഞ്ചല്ല എന്ന് തെളിയിക്കേണ്ടത് എന്റെ ആവശ്യമായതിനാൽ, പരീക്ഷ പാസ്സായി പേരിന്റെ കൂടെ 'P.Eng' എന്ന് ചേർത്തു.

നമ്മുടെ നാട്ടിലെ എഞ്ചിനിയറിങ് കരിക്കുലം ഒരൽപ്പം പഴഞ്ചൻ എന്ന തോന്നലുണ്ടായത് ഇവിടെ ഒരു ഇന്റഗ്രേഷൻ പ്രോഗ്രാം ചെയ്തപ്പോളാണ്. ഇവിടത്തെ അധ്യാപകർ അതാതു മേഖലയിൽ അനേക വർഷം പ്രാവീണ്യം ഉള്ളവർ. ഇൻഡസ്ട്രിയിലെ നൂതന മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കരിക്കുലത്തിൽ എഞ്ചിനീയറിംഗ് മോഡലിംഗ് സോഫ്റ്റ്വെയറുകൾ ഉൾപ്പെടുത്തിയിരിക്കുന്നു. സത്യത്തിൽ ഇൻഡസ്ട്രിയിലെ ലേറ്റസ്റ്റ് ഡെവലപ്മെന്റുകൾ അപ്പപ്പോൾ തന്നെ ഉൾക്കൊള്ളാൻ പാഠ്യപദ്ധതി തയ്യാറാകണം. ഇൻഡസ്ട്രിയിലെ ലീഡിങ് മാനുഫാക്ചറേഴ്‌സും അവരുടെ റിസർച്ച് ആൻഡ് ഡെവലപ്മെൻറ് വിഭാഗങ്ങളും കോളേജുമായി നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ടതും അത്യന്താപേക്ഷിതമാണ്. അതുപോലെ നമ്മുടെ നാട്ടിൽ ഇതര എഞ്ചിനീയറിങ് മേഖലക




ളിൽ പഠിക്കുന്നവരിൽ നിന്നും ഐ.ടി മേഖലയിലേക്കുള്ള ഒഴുക്കും തടയേണ്ട താണ്.

മറ്റൊരു പ്രധാന കാര്യം വർക്ക് എത്തിക്സ് ആണ്. കൈയിലെ ചെറുവിരലിൽ അണിയുന്ന അയൺ റിങ്ങും, കൈയൊപ്പ് വയ്ക്കുന്ന പേപ്പറിൽ അത് പതിയു മ്പോൾ, 'കാളിങ് ഓഫ് ആൻ എഞ്ചിനീയർ' എന്ന റിച്ചലിന്റെ പിറകിലെ ചരി ത്രവും , വർക്ക് എത്തിക്സ് മുറുകെ പിടിക്കാൻ അതിന്റെ ഓർമ്മപ്പെടുത്തലും മറ്റൊ രിടത്തും ഞാൻ അനുഭവിച്ചിട്ടില്ല. പ്രവർത്തി പരിചയമേഖലയിൽ പ്രാവീണ്യ മുള്ളതിൽ മാത്രം സ്റ്റാമ്പ് പതിപ്പിക്കാൻ ശ്രദ്ധിക്കുന്ന എനിക്ക് പാലാരിവട്ടം പാലം നിർമാണവുമായി ബന്ധപ്പെട്ട അഴിമതി കേൾക്കുമ്പോൾ പിന്നെ എങ്ങ നെയാണ് ദേഷ്യം വരാതിരിക്കുക?

'അറബിക്കഥ' എന്ന മലയാള സിനിമയിലെ നായകനെ പോലെ ശൗചാല യത്തിൽ നിന്ന് മുഷ്ടി ഉയർത്തേണ്ട അവസ്ഥ ഇവിടെ ഇല്ല. നമ്മുടെ കൊച്ചു കേരളത്തിൽ പണിയെടുക്കുന്ന ബംഗാളിയെ രണ്ടാം തരാം പൗരനായി കാണു ന്ന മലയാളിയെ വച്ച് നോക്കുമ്പോൾ ഇവിടെ കാനഡയിൽ ഡിസ്ക്രിമിനേഷനേ ഇല്ല എന്ന് പറയേണ്ടി വരും (അമേരിക്കയുടെ കാര്യം എനിക്കറിയില്ലട്ടോ). എല്ലാ പൗരന്മാർക്കും തുല്യ നീതി ലഭിക്കുന്ന, ഉള്ളവനിൽ നിന്നും കൂടുതൽ നികുതി ഈടാക്കി, ഇല്ലാത്തവർക്ക് സഹായങ്ങൾ എത്തിക്കുന്ന ഈ നാട് തന്നെ സോഷ്യലിസത്തിന് ലോകമാതൃക.

**ഭാഗം മൂന്ന്- തിരിച്ചുപോക്ക്**

'ഇനി ഒരു തിരിച്ച പോക്ക്?' ഉത്തരം കിട്ടാത്ത ചോദ്യമാണത്.

സഹജീവിസ്നേഹമെന്തെന്ന് അറിയാത്ത പുതിയ തലമുറയ്ക്കൊപ്പം എന്റെ മക്കൾ വളരുമ്പോൾ പഴയ തലമുറയിലേക്ക് ഒരു തിരിച്ചു പോക്ക് ഞാൻ വൃഥാ ആഗ്രഹിക്കാറുണ്ട്.

കമ്യൂണിസം എന്താണെന്ന്, എങ്ങനെയാകണമെന്ന് മക്കൾ വളരുമ്പോൾ അവർക്കു കാണിച്ചു കൊടുക്കണം. ഭക്ഷണം കൈയിൽ കാശുള്ളവന്റെ അവകാ ശമല്ലെന്നും അത് വേസ്റ്റ് ചെയ്യുമ്പോൾ ലോകത്തിന്റെ മറ്റൊരു കോണിൽ വിശ ക്കുന്നവനുണ്ടെന്നും ആ തിരിച്ചറിവോടെ അവർ കണ്ടു മനസ്സിലാക്കട്ടെ. അടു ത്തിരിക്കുന്നവൻ ഭക്ഷണം കഴിച്ചോ എന്ന് ചോദിക്കാതെ തന്നെ മനസ്സിലാക്കാ നും അതിനനുസരണമായി പ്രവർത്തിക്കാനുമുള്ള കഴിവ് അവർക്കുണ്ടാകട്ടെ. അത്രയെങ്കിലും സഹജീവിബോധം അവരിൽ ഉണർത്താനായില്ലെങ്കിൽ, പഴമ യുടെ നന്മയിലേക്ക് അവരെ തിരികെ കൊണ്ടുപോകാനായില്ലെങ്കിൽ, പിന്നെ ഞാനെന്ത് കമ്മ്യൂണിസ്റ്റ്!



# MAHA KUMBH
# DURING THE PANDEMIC



***Sharmila Narayana, Associate Professor – Christ University (Wife of Manoj KC, 1989 EEE)***

In April. when the second wave of corona was surging, what would have caught the attention of any conscientious individual was the massive congregation of more than six lakh devotees at Haridwar, for the Maha Kumbh, flouting all Covid protocols.

The banners and posters displayed in Haridwar had the PM's picture on it with wordings that politely invited people to this once-in –twelve years mass religious congregation. Facing flak from various quarters, the PM made an appeal through twitter that the Kumbh Mela should be only 'symbolic'. A very timely intervention from the head of one of the largest democracies of the world!

Running parallel to this was the campaigning for assembly elections in West Bengal where we got to see massive rallies with leaders completely oblivious of the fact that the country was reeling under the grip of a second wave of Covid. The norm seems to be 'no mask, no social distancing'. When asked by a channel about Covid safety norms during campaigns, our Home Minister did not mince words when he said that 'elections must go on and it is for each one to take care of their safety'.

Covid has made us truly 'Atmanirbhar', with just the wink of an eye! Currently our Covid figures stand at an alarming number of more than three lakh cases "reported" per day, making us numero uno and a global superpower! Long queues of ambulances at crematoriums waiting to dispose off corpses, lack of beds in hospitals, acute shortage of life saving medicines, oxygen cylinders, ventilators and vaccine - completely exposed the inadequacy of our health care systems, complemented with the apathy of our leaders for human life.

In March 2020, when our nation braced itself up for what became the harshest and inhumane lockdown in history, authorities linked hundreds of Covid cases that had surfaced, to the members of the Tablighi Jamaat. Social media and news channels went berserk spreading hatred

against the Muslim community, referring to them as ‘Corona Jihadis’. The Jt. Secretary of health Ministry in his daily briefing on Covid had a specific count of positive cases from the Tablighi gathering and the Ministry of Home Affairs had even gone to the extent of including ‘Tablighi work’ as a condition to deny visa. Most of the participants, no matter whether tested positive or not, including foreign nationals, were picked up and put in detentions centres in different states.

Multiple FIRs were filed against them. The police had accused them of being ‘super spreaders’. By October 2020, most of the courts acquitted them, stating that they were wrongly detained. The Bombay High Court had in fact held that the media too was responsible for the vilification campaign unleashed against the Tablighi members.

There are no news channels baying for blood of the Kumbh organisers unlike what we saw last year with respect to the Tablighi Jamaat. The frenzied hate mongering targeting a particular community was conspicuously missing this time. The only difference was that this was an event endorsed by the ruling party itself, which plays bandwagon to Hindutva politics. Uttarakhand Chief Minister, Mr. Rawat, had even claimed that a dip in the Ganga would ward away the virus and that the devotees were not from outside, but from within the country. The Uttarakhand Court merely issued an order stating that Covid protocols need to be followed during the Kumbh. The local administration had in fact acknowledged that it was humanly impossible to maintain social distancing when lakhs of devotees congregate. The message from the current ruling dispensation is very clear, human health and life are immaterial when it comes to Brahmanical religious celebrations. Is our democracy not grossly undermined when such events are prioritised over human lives?


What was the preparedness on the part of the government to handle the second wave? Most epidemiologists had predicted a second wave harsher than the first one in October 2020 itself. Data indicates that as on April 13, 2021, India had magnanimously supplied 65 million vaccines to 90 countries. The external affairs minister pointed out that this was done to ensure equitable access to vaccines. Our PM added by stating that “we must think of entire humanity”. Vasudhaiva Kudumbakam is a beautiful concept to live by. Only wish that it were practised at appropriate moments and not in these testing times! PM CARES was initiated exclusively for taking care of Covid requirements. Who can be






held accountable for those funds and how has it been utilised? We have leaders who are adept at pulling off any show with propaganda and lies, leaving the masses immensely entertained. Are the authorities even concerned about the well- being of health workers who have been on their toes, for almost a year? Our PM has a solution for that too. Get on to your balconies and bang thalis in appreciation or light a lamp! What more can one expect from a government that gives precedence to a mega event like the Kumbh than the lives of its own citizens. P.Sainath, the renowned journalist, in his book, Everybody Loves a Good Drought, refers to the poor of this country as mere statistical figures. This was clearly evident in the way the unplanned lock down was implemented causing massive reverse migration and trauma to the migrant workers. In the second wave, elections (in multiple phases like a mega serial) and Kumbh are priority, no matter how many dead bodies pile up every day!

Dr. Ambedkar, in his last speech during the Constituent Assembly debates on November 25th, 1949, had spoken about three requirements if a democracy has to survive in letter and spirit. The first is to hold fast to constitutional methods for achieving social and economic objectives. Secondly, not to lay liberties at the feet of any individual, however great that person might be, as he could use his power to subvert institutions and thirdly, the need to make our political democracy a social democracy as well, indicating a way of life that acknowledges liberty, equality and fraternity as the principles of life, which form a trinity, wherein, to separate one from the other, is to defeat the very purpose of democracy. In this context, he had also touched upon his concerns regarding Bhakti and its role in the Indian political scenario. According to him, bhakti in religion may be a road to the salvation of the soul, but in politics, bhakti or hero worship is a sure road to degradation and to eventual dictatorship. He feared that "if political parties place creed above the country, our independence will be put in jeopardy a second time".



These ideas sit very well with the majoritarian discourse in which we are drowning these days.

Mahatma Gandhi had envi-



sioned an India that would be inclusive and humane, accommodating people of all beliefs and treating them as equal citizens. According to him, the essence of democracy is the art and science of mobilizing the entire physical, economic and spiritual resources of all the various sections of the people in the service of the common good of all. He strongly felt that "true democracy cannot be worked by twenty men sitting at the centre (only two as of now). It has to be worked from below by the people of every village". This is why he strongly endorsed Panchayat Raj. Another strong contention of Gandhiji was that in matters of conscience, the law of majority has no place and how the minority has a perfect right to act differently from the majority.

Nehru's emphasis on scientific temper as integral to one's thinking and action seem more relevant today than ever before. The idea of secularism, enshrined in our constitution, derives strength and support from the ideas of science. In a country like India, where the tentacles of religious beliefs and dogma have a strong grip over the masses, the need for a scientific temper, especially in the decision making process is extremely important. The shrinking space for scientific temper in our country today, is a cause for concern.

The current government has moved away from the ideas of democracy envisioned by our founding fathers. It is during testing times like these that the true mettle of a nation's leadership is revealed. Mere chest thumping and whipping up frenzy, which are prime indicators of masculine nationality, will not suffice in helping a nation overcome ground realities!





# Examining Feminism and Social Realities

## Gender Equality, Stereotypes and Discrimination

***(Abstract of Talk on Gender Violence in Darsana -Socio Political Webinar)***

*Nisha Sukesh 1996 CE*



***"If women want any rights more than they's got, why don't they just take them, and not be talking about it." – Sojourner Truth..(And what happens when they try to take them..!!)***

The talk started with citing a programme aired in a channel, wherein a lady journalist striding through the streets of our Capital city on an off midnight. The programme was an experiment to study the behaviour of the society towards a lone female in midnight.

There were Gentlemen offering a company, asking her why she was alone, advising to be safe and so on.

The programme ended with a positive note, quoting that ladies are safe in our streets even at night.

Do we think it was a happy ending...? Do we think she should be offered a company in night, which we seldom do in daytime? Why was society concerned that she won't be safe at night? Are they anticipating a crime at any time? Just a food for thought.


**Gender-based violence** refers to any type of harm that is perpetrated against a person or group of people because of their factual or perceived sex, gender, sexual orientation and/or gender identity. It can be a Child abuse, female genital mutilation, honour killings, trafficking sex or slavery, intimate partner violence, physical punishment, sexual, emotional, or psychological violence, or even a social media abuse.

Studies shows that more of the Violence takes place at home or within the relatives or by known persons. Studies conducted in India reveals an alarming figure of sexual violence against girls at their homes by their close relatives. A large-scale national study conducted in 2007 by Ministry of Women and Child Development (MoWCD), to assess the




extent and nature of child abuse in India, uncovered some alarming statistics; that among the 12,447 children interviewed, more than half (53 percent) reported experience of sexual abuse. A criminal Lawyer practising in Kozhikode District court shared an experience of recording 30% of child abuse cases at their own home, and then settled outside the court just for the sake of so-called family dignity.

**Rate of violent crimes across larger states in 2019**




**Child abuse** has profound consequences for the child. It is known to interfere with growth and development of the child. It has also been linked to numerous maladaptive health behaviours, and poor social, mental, and physical health outcomes throughout the lifespan. In accordance with that, there is evidence that it can affect neuro-biological systems, e.g., the cortical representation of the genital somatosensory field. Other common sequelae for adult survivors of it include relational challenges (e.g., increased risk for domestic violence), violent behaviours, and increased risk of perpetration of child abuse as adults.

**Crime against children in Kerala from 2008 to 2020 (upto March)**





**Domestic abuse**, also called "domestic violence" or "intimate partner violence", can be defined as a pattern of behavior in any relationship that is used to gain or maintain power and control over an intimate partner. Abuse is physical, sexual, emotional, economic or psychological actions or threats of actions that influence another person. This includes any behaviors that frighten, intimidate, terrorize, manipulate, hurt, humiliate, blame, injure, or wound someone. Domestic abuse can happen to anyone of any race, age, sexual orientation, religion, or gender. It can occur within a range of relationships including couples who are married, living together or dating. Domestic violence affects people of all socioeconomic backgrounds and education levels.



Can you believe , 1 in 3 women in India is been subjected to domestic violence and yet only 1 in 10 of these women formaly reports the offence to police. Two out of every five women in abusive relationships stay silent about their suffering because of shame and family honor. The lack of viable options keeps women trapped in violent situations. Nearly one-third of the women experiencing abuse had thought about running away, but most said that they feared leaving their young children and had no place to go.

**State wise crime rate of Murder, Abduction, and Dowry deaths in 2019**




**Workplace abuse** is behaviour that causes workers emotional or physical harm. Harassment, discrimination, bullying and violence are forms of workplace abuse. These behaviours aren't always distinguishable from one another because they frequently overlap. Harassment can be discriminatory, bullying can be a form of harassment, and any of these behaviors can lead to workplace violence. Factors that put workers at risk for violence include working alone, at night or in isolated areas.

Sixty percent of women say they have experienced unwanted sexual attention, sexual coercion, sexually crude conduct, or sexist comments in the workplace. In some industries, more than 9 in 10 women say they have been sexually harassed. Over 85 percent of people who experience






sexual harassment never file a formal legal charge, and approximately 70 percent of employees never even complain internally. The impact of sexual harassment in the workplace is real and damaging. Employees who experience sexual harassment are more likely to report, psychological symptoms of posttraumatic stress disorder (PTSD), depression, stress, and anxiety and physical problems such as headaches, sleep problems, gastric problems, weight loss/gain, etc.

**Covid-19 Impact** studies acorss the Country reveals, that similar to the previous pandemics and epidemics, there has been an alarming rise in the incidents of gender-based violence during the COVID-19 pandemic. Quarantine is necessary to reduce the community spread of the Corona-virus disease, but it also has serious psychological and socially disruptive consequences. Studies indicate that despite its global prevalence, gender-based violence has been one of the most neglected outcomes of pandemics. Moreover, the legislatures and services available for such victims are often inadequate and, thus, worsening their situation. For instance, there was an erosion of social norms and increase in violence in Bologna, Italy, in the context of plague and natural disaster. According to various studies pandemics often lead to breakdowns of social infrastructures thus compounding the already existing weaknesses and conflicts. As a result, the existing gender inequality is worsened by the pandemic situation.

**Preventive strategies** and solutios can be debatable. To prevent an event , first and foremost is to understand the root cause and analyse it. Root cuases of gender vioence can be, lack of physical security and poverty, discriminatory social, cultural or religious laws, norms and practices that marginalize women and girls and fail to respect their right, collapse of family, social and communal structure, Lack of confidence and/or trust in social or public institutions, including law enforcement and justice institutions that discourage victims/survivors from seeking redress, Inadequate legal framework including national, traditional, customary and religious law, that discriminate against women and girls, fails to guarantee their rights, or exposes them to further harm and abuse etc.

What the state can do is **to take measures to eliminate all beliefs and practices that discriminate against women or sanction violence and abuse, including any cultural, social, religious,economic and legal practices .** And to add to it criminalize all acts of gender-based violence and ensure that national law, policies and practices adequately respect and protect human rights without discrimination of any kind, including on grounds of gender. Review national laws, regulations, policies, procedures and practices, including traditional and cultural practices, and, based on the result, advocate with relevant stakeholders to ensure they provide adequate protection against gender-based violence. Women's greater access to and control over resources and financial autonomy and sustainability is another key factor for a progressive society.

# മുതലാളിക്കൊരു മംഗളഗീതം





*സുമിത മാത്യു (1993 ECE)*

പാലക്കാട് എൻ.എസ്.എസ്.എഞ്ചിനീയറിങ്ങ് കോളേജിൽ നിന്നും ബി.ടെക്. ബിരുദം എടുത്തു ധരിച്ചിട്ട് ഇപ്പോൾ 28 വർഷം. വാട്സാപ്പ് കണ്ടു പിടിച്ചില്ലാരുന്നെങ്കിൽ ഞങ്ങൾ ബാച്ച്മേറ്റ്സെല്ലാം കോളജിനോടു ടാറ്റാ പറഞ്ഞതിനു ശേഷം ആപ്പസ് മേം യാതൊരു ബോൽത്തായുമില്ലാതെ പണ്ടാരമടങ്ങിയേനേ! 1993 ബാച്ചിലെ ഞങ്ങളുടെ ലേഡീസ് ഒൺലി വാട്സാപ്പ് ഗ്രൂപ്പ് 'കിങ്ങിണിക്കൂട്ടം' പിറവിയെടുത്തിട്ട് ഇപ്പോൾ വർഷം ആറ്. കൊച്ചു കൊച്ചു സന്തോഷങ്ങളും, വീണ്ടും ചില വീട്ടുകാര്യങ്ങളും, വെറുതേയുള്ള പിണക്കങ്ങളും, യമണ്ടൻ തമാശകളും ഒക്കെ ചേർന്ന് ഒരു പഞ്ചാബി ഹൗസ് റീലോഡഡ് തന്നെയാണ് ഞങ്ങടെ ഗ്രൂപ്പ്. രമണന്റെ റോളിനോടാണു മിക്കവാറും എല്ലാവർക്കും താൽപര്യം എന്നു മാത്രം!

ഗ്രൂപ്പു തുടങ്ങിയ ശ്രീമതി സത്യയെ ഞങ്ങൾ ബഹുമാനത്തോടെ 'മൊയ്ല്ലാളി' എന്നും , തീരെ ബഹുമാനമില്ലാതെ 'മൊയ്ല്ലു' എന്ന വട്ടപ്പേരിട്ടും വിളിച്ചു പോരുന്നു. മൊതലാളി തന്നെ അന്നും ഇന്നും ഞങ്ങടെ ഗ്രൂപ്പിന്റെ ഐശ്വര്യം!

പല വിചിത്രമായ ആചാരങ്ങളും മൊതലാളിയുടെ വിചിത്രമല്ലാത്ത ചെറിയ ബുദ്ധിയിൽ പിറവിയെടുത്തിട്ടുമുണ്ട്.

അതിലൊന്നാണ്, അംഗങ്ങളുടെ ആരുടെയെങ്കിലും ബർത്ത് ഡേ, വിവാഹം എന്നീ മഹാമഹങ്ങളുടെ വാർഷിക ദിനം വരുമ്പോൾ പാലിക്കേണ്ട പ്രോട്ടോക്കോൾസ്. ആ സുദിനം പിറക്കുന്ന രാത്രി കൃത്യം 12 മണിയ്ക്ക് തന്നെ ഗ്രൂപ്പിന്റെ ഡി.പി. പടം മാറ്റണം, പകരം ബർത്ത്ഡേക്കാരിയുടെ, അഥവാ വിവാഹ വാർഷികം ആഘോഷിക്കുന്ന ദമ്പതിമാരുടെ, പല പോസിലുള്ള കളർ ഫോട്ടോ അവിടെ പ്രതിഷ്ഠിക്കണം! ഉറക്കമിളച്ചു കുത്തിയിരുന്ന് പാവം മൊതലാളി തന്നെ ഈ പരിപാടി മുടക്കമില്ലാതെ നടത്തിയിരുന്നു.

എത്ര മനോഹരമായ ആചാരം അല്ലേ?

രമണനാകാൻ ഓർക്കാപ്പുറത്താണ് എനിക്ക് നറുക്കു വീണത്. കഴിഞ്ഞ വർഷത്തെ ഒരു ലോക് ഡൗൺ ദിനം. ഫൈനൽ സെമസ്റ്റർ കിടാങ്ങളെ ഓൺലൈനായി ക്ലാസെടുത്തു താരാട്ടുപാടിക്കൊണ്ടിരുന്ന എനിക്ക് മൊയ്ല്ലുന്റെ ഒരു പതിവില്ലാത്ത സന്ദേശം, "ഒരു ചെറി..യ പണി തരട്ടേ?" ഒരു നിമിഷം ഒരു അലാറം സിഗ്നൽ എന്റെ മസ്തിഷ്കത്തിലൂടെ പാഞ്ഞു പോയി. റോഡിൽക്കൂടി




പാഞ്ഞു പോയ ആംബുലൻസിന്റെ നിലവിളി ശബ്ദം ആയിരുന്ന അതെന്ന് അടുത്ത നിമിഷം ഞാൻ തിരിച്ചറിഞ്ഞു.

'വേറൊന്നുമല്ല, നാളെ നമ്മുടെ ഗ്രൂപ്പിലെ (ചിരി)മഴയായ റെയ്നിയുടെ വിവാഹ വാർഷികമാണ്, അതു കൊണ്ട് നീ നാളെ അതികാലത്ത് എഴുന്നേറ്റ് -- മുഴുവനാക്കാൻ ഞാൻ സമ്മതിച്ചില്ല "മുന്തിരിവള്ളി തളിർത്തോ മാതളനാരകം പൂവിട്ടോ എന്നൊക്കെ നോക്കണോ?"

'തേങ്ങാക്കൊല, അതൊന്നുമല്ല, റെയ്നിയെ കാര്യമായിട്ടൊന്ന പെരുമാറണം, സോറി വിഷ് ചെയ്യണം ' എന്ന മൊതലാളി.

"ഓഹോ... അപ്പോൾ ബഹുരാഷ്ട്ര കുത്തക കമ്പനികളെപ്പോലെ മൊതലാളീം ഔട്സോഴ്സിങ്ങ് തുടങ്ങി അല്ലേ?" എന്ന ഞാൻ.

അല്ല നാളെ മൊയ്‌ലാളി ലീവാണോ? അതോ ബോട്ടു തിരിച്ച വാങ്ങാൻ പഞ്ചാബി ഹൗസിലോട്ടു പോകുവാണോ, രമണൻ ചോദിക്കാതിരുന്നില്ല.

"അതൊന്നുമല്ലടോ, ഞാൻ വൈകിട്ടു പതിവുള്ള അരിഷ്ടമൊക്കെ സേവിച്ചേച്ചും 9 മണിയോടു കൂടി കംപ്ലീറ്റ് ഓഫാകും, പിന്നെ നാളെ ഉച്ചയോടുകൂടിയേ ഞാൻ ഒന്ന റെഡി ആകൂ. അപ്പോളേക്കും റെയ്നിയുടെ വാർഷികം അർദ്ധ വാർഷികമായിട്ടുണ്ടാകും.
അതു കൊണ്ട് നാളെ ഒരു ദിവസത്തേയ്ക്ക് നിന്നെ ഞാൻ എന്റെ രമണനാക്കുവാ, എന്റെ മാനം കളയരുത്!" - മൊതലാളി.

"ഇല്ല മൊതലാളീ, എന്റെ ജീവൻ പോയാലും മൊയലാളീടെ മാനം ഞാൻ കാക്കും!" - രമണൻ.

"ചുമ്മാ നിന്ന പഞ്ച് ഡയലോഗടിക്കാതെ പോയി അലാറം വെച്ചെണീറ്റ് ഗ്രൂപ്പിന്റെ ഡി.പി മാറ്റിയേക്കണം, ഇല്ലെങ്കിൽ നിന്റെ ബോഡി ഞാൻ പഞ്ചറൊട്ടിക്കും" - മൊതലാളി.

"വിഷ് ചെയ്താ മാത്രം മതിയോ മൊതലാളീ? നമുക്ക് ചെറുതായി ഒരു കേക്ക് കട്ട് ചെയ്ത്, കൊറച്ച പടക്കം ഒക്കെ പൊട്ടിച്ച് , ഒരു സമൂഹഗാനം ഒക്കെ പാടി, രണ്ടു മിനിറ്റ് എല്ലാർക്കും എഴുന്നേറ്റു നിന്ന റെയ്നിയെ ബഹുമാനിച്ചാലോ?" - രമണൻ.

"പൊട്ടത്തരം പറയാതെ വായടയ്ക്ക്, റെയ്നിയുടെ വിവാഹത്തിന്റെ വാർഷികം ആണ്, അല്ലാതെ പതിനാറടിയന്തിരം അല്ല, ഒരുപാടു 'ഡെക്കറേഷൻ' ഒന്നും വേണ്ട, ഡി പി മാറ്റി വിഷ് ചെയ്താ മതി" - മൊതലാളി.





"ശരി മൊതലാളീ , I ate - ഞാനേറ്റെന്നേ..." എന്ന എന്റെ വാക്കു വിശ്വസിച്ച മൊതലാളി വെള്ളമടിക്കാൻ (മോട്ടോർ ഓണാക്കുന്ന കാര്യം ആണു ഞാൻ ഉദ്ദേശിച്ചേ, നിങ്ങളെന്താ ഉദ്ദേശിച്ചേ?) പോയി.

ഒട്ടും സമയം കളയാതെ ഞാൻ എന്റെ സ്വന്തം Honor ഫോണെടുത്ത് (ഫോണിന്റെ മെയ്ക്ക് വെളിപ്പെടുത്തിയതിന്റെ കാരണം നിങ്ങൾക്കു വഴിയേ പിടി കിട്ടും) കൃത്യം രാത്രി 12 മണിക്ക് അലാറം സെറ്റ് ചെയ്തു. ഓർമ്മശക്തിയുടെ കാര്യത്തിൽ അൽപ്പം പിന്നിലാണെങ്കിലും മറവിയുടെ കാര്യത്തിൽ മുന്നിലാണെന്നു എനിക്കു നല്ല ബോദ്ധ്യം ഉണ്ടായിരുന്നു. അനന്തരം 12 മണിക്കു അലാറം അടിക്കുന്നതും, ഞാൻ എണീറ്റു ഗ്രൂപ്പിന്റെ ഡി പി മാറ്റുന്നതും, റെയ്നിയെ ഏറ്റവുമാദ്യം വിഷ് ചെയ്യുന്നതും, രാവിലെ തന്നെ എല്ലാവരും എന്നെ അഭിനന്ദനങ്ങൾ കൊണ്ടു രോമാഞ്ചകഞ്ചുകമണിയിക്കുന്നതുമൊക്കെ ഓർത്ത് ഞാൻ ധൃതംഗപുളകിതയായി.

ഇനിയാണ് കഹാനി മേ ട്വിസ്റ്റ്!

കോളജിലെ പണിയൊക്കെ തീർത്ത് ഉച്ചതിരിഞ്ഞ് വീട്ടിൽ എത്തിയ എന്നെ കാത്തിരുന്നത് അടിയന്തിര സ്വഭാവമുള്ള ചില ആഭ്യന്തര പ്രശ്നങ്ങളായിരുന്നു.

പത്താം ക്ലാസ്സുകാരൻ ഇളയ പുത്രൻ നെഞ്ചത്തടീം നിലവിളീം! "എന്റെ മൊബൈൽ ഫോൺ ചത്തേ..." എന്നും പറഞ്ഞ്. "എന്റെ നോട്ടുകളും അസൈൻമെന്റുകളുമൊക്കെ അതിനകത്താ, അതില്ലാതെ എനിക്കു നാളത്തെ ഹോം വർക്ക് തീർക്കാൻ പറ്റില്ല!" Emergency Situation! 101 വിളിക്കേണ്ടി വരും!

അവന്റെ ഫോണിനെ പുനരുജ്ജീവിപ്പിക്കാൻ ഞാൻ അറിയാവുന്ന അടവെല്ലാം പയറ്റി നോക്കി. അന്ത്യകൂദാശകൾ പോലും കൈക്കൊള്ളാതെ ഇത്രയും കാലം വിശ്വസ്തനായി ഞങ്ങളെ സേവിച്ച ആ ഫോൺ കർത്താവിൽ നിദ്രപ്രാപിച്ചു കഴിഞ്ഞിരുന്നു... നന്നായി ബാറ്റു ചെയ്തു കൊണ്ടിരിക്കുമ്പോൾ റണ്ണൗട്ട് ആകുന്നത് എന്തൊരു കഷ്ടമാണ്! ദൈവമേ!

ഓൺലൈൻ പഠനം പ്രതിസന്ധിയിലായ മകനെ ഓർത്ത് എന്റെ മാതൃഹൃദയം വിങ്ങിപ്പൊട്ടി. ഞാൻ പെട്ടെന്നു തീരുമാനമെടുത്തു, "എന്റെ Honor ഫോൺ നീയെടുത്തോ, ഞാൻ വേറൊന്നു വാങ്ങിച്ചോളാം."

പുത്രന്റെ കരച്ചിൽ നിന്നു. മുഖം തെളിഞ്ഞു.

സ്വന്തമാക്കിയിട്ട് ഒരു വർഷം പോലും ആകുന്നതിനു മുൻപേ, താലോലിച്ചു കൊതി തീരുന്നതിനു മുൻപേ, എന്റെ Honor ഫോണിനോട് ഞാൻ വിടപറഞ്ഞു. മൊബൈൽ ഫോണില്ലാതെ കാര്യങ്ങൾ ഓടാത്തതിനാൽ, അന്നു തന്നെ ഞാൻ മൈജിയിൽപോയി പുതിയതൊരെണ്ണം സ്വന്തമാക്കി. നല്ല പൂവമ്പഴം പോലൊരു ഒരു Oppo! മകന്റെ പഠനം ആണല്ലോ മുഖ്യം.

ഇതുവരെയുള്ള ഈവന്റ്സ് എല്ലാം ഓക്കെ. ഇനിയാണ് സീൻ കോണ്ട്ര!

Honor കിട്ടിയ പുത്രനും Oppo കിട്ടിയ ഞാനും പുതിയ സഹചാരിയുമായി



പരിചയപ്പെടുന്ന തിരക്കിലായി. Honor ഫോർമാറ്റ് ചെയ്യപ്പെട്ടു. അതിൽ സെറ്റ് ചെയ്തിരുന്ന 12 മണിയുടെ അലാറം തുടച്ചുനീക്കപ്പെട്ടു. Oppo-യുമായി പരിചയപ്പെടുന്ന തിരക്കിൽ, അലാറത്തിന്റെ കാര്യത്തിൽ എനിക്കു മഗ്നീഷ്യമോ ജിംനേഷ്യമോ അംനീഷ്യയോ ഏതാണ്ടോ വന്നു...

പിറ്റേ ദിവസം രാവിലെ എണീറ്റു പതിവു വീട്ടുജോലികൾ എല്ലാം തീർത്തു വാട്സാപ്പ് തുറന്ന എന്റെ ചങ്കു തകർന്നു പോയി. പണി ഏൽപ്പിച്ച മൊതലാളി തന്നെ എങ്ങനെയൊക്കെയോ എഴുന്നേറ്റുവന്ന് വിഷ് ചെയ്യലും ഡി പി മാറ്റലും ഒക്കെ സ്വയം ചെയ്തിരിക്കുന്നു. മൊതലാളിയോടു ഭയങ്കരമായ ബഹുമാനം തോന്നീട്ടു ഞാൻ കൊറച്ചു നേരം എഴുന്നേറ്റു നിന്നു. കുറ്റബോധം വല്ലാതങ്ങു തോന്നിപ്പോയതു കൊണ്ട് പിന്നെ ചെയ്തതെല്ലാം യാന്ത്രികമായിരുന്നു. നേരേ പോയി മൊതലാളീടെ കാലേൽ വീണു മാപ്പിരന്നു: "അയാം ദി സോറി, മാപ്പ്, മുതലാളീ, മാപ്പ്!"

"ഗോ എവേ യൂ സ്റ്റുപ്പിഡ്! ഇൻ ദ ഹൗസ് ഓഫ് മൈ വൈഫ് ആൻഡ് ഡോട്ടർ ഐ വിൽ നോട്ട് സീ എനി മിനിട്ട് ഓഫ് ദ ടുഡേ, ഗെറ്റ് ഔട്ട് ഹൗസ്!" എന്നു പറഞ്ഞ് ആട്ടിയോടിക്കും എന്നു പ്രതീക്ഷിച്ച എന്നോട്, മാടപ്രാവിന്റെ മനസ്സുള്ള മൊതലാളി ചെയ്തതു കേട്ടാൽ നിങ്ങൾ ഞെട്ടും!

രണ്ടു പ്രായശ്ചിത്തങ്ങളാണ് മൊതലാളി കൽപ്പിച്ചത്.

ഒന്നാമതായി, 101 ഏത്തമിടാനും അതിന്റെ വീഡിയോ എടുത്ത് പോസ്റ്റ് ചെയ്യാനും ആയിരുന്നു . നിസ്സാരം! നിസ്സാരം!

രണ്ടാമത്തേത് ഒരു മാതിരി ബിഗ്ബോസിൽ കിട്ടുന്ന ടാസ്ക് പോലെയായിപ്പോയി! വേറൊന്നുമല്ല, മൊതലാളിയെക്കുറിച്ച് നല്ലോണം ഒന്നു ഗ്രൂപ്പിൽ പൊക്കിപ്പറഞ്ഞ് തള്ളിമറിയ്ക്കണം!

തള്ളൽ ഒക്കെ എന്ത്? ഒരു നാലു പേജ് മംഗളപത്രം തന്നെ ഞാൻ പ്രസിദ്ധീകരിക്കാം എന്നു ഞാൻ വിനീതമായി ഏറ്റു. ആ പത്രം ആണ് ഈ പത്രം

നന്ദി, നമസ്കാരം! നിങ്ങൾക്കെന്റെ നമോവാകം.









# IGNITE the spark within…

## A report on recently concluded Darsana IGNITE

*Manoj.K.C 1989 EEE*

One of the objectives of Darsana is to act as an eco-system for nurturing innovation and promote start-ups in the state, thereby driving socially relevant ventures and make Kerala a hub for social entrepreneurship. The proposal to organise an innovation and entrepreneurship challenge for the technical student community of Kerala was mooted by our Palakkad chapter. Com Pradeep M (Batch?), who is part of IEDC and is playing a lead role in the PICS Palakkad, came up with the contour of what can be done. A small team under the leadership of Com Radhakrishnan (1992 batch) was formed to create a broad approach note. This was presented to the Executive Committee in November 2020 and after detailed discussions, it was decided that the scope can be broadened. IGNITE, shall be groomed to be the springboard for budding technologists and entrepreneurs. It will be an innovation platform available to students and technologists on an ongoing manner to experiment, create, revise, and evolve along with our panel of technical experts and mentors. As we move forward, we should collaborate extensively with bodies like Kerala Start-up Mission and Maker Village. With this vision, it was decided to kick-off IGNITE with a competition, IGNITE 2021. The team was expanded with more members from EC and from the Palakkad chapter, and as they say rest is history.




The launch of IGNITE 2021 was done by Com Prakash Bare (1986 batch) on 28th December 2020 in a virtual function attended by Darsana members.

IGNITE logo and website www.ignite.darsana.in was unveiled. The competition was free and open to the students of all engineering and polytechnic colleges in Kerala and also to Darsana members and their family. The objective of the competition was to identify 5 best projects and recognise them through an award and select one project that has the potential to be a successful enterprise and provide an initial start-up fund. Criterial for awards were published as Business & Tech-

nical feasibility, innovativeness, and social relevance. Registrations were accepted between 02nd and 23rd Jan 2021. 125 teams registered from 50 institutions. The registered teams were given time till 14th Feb 2021 to submit their detailed proposals. We received about 50 proposals. After the first round of screening, 35 proposals were chosen to be evaluated by a team of expert panel consisting of Industry and business experts along with Academicians. The 35 proposals were an interesting mix of Healthcare – 9, Waste management – 5, Agritech and packaging – 4, Energy, Disaster management, Infrastructure, Home automation, Automotive, all 3 each and 2 from web-based solutions. Since we had emphasised on socially relevant projects, the problem statements were all aligned to this theme. The expert panel shortlisted 18 projects and these teams were called for a virtual meeting between 20th and 31st March 2021. 5 winners were announced on 10 April 2021. The 5 winners were distributed as 2 from health care and one each from aggrotech, web-based solutions, and energy. No project was found to be mature enough to become a successful enterprise. The details of winners, shortlisted projects and panellists can be found on the Ignite website.

IGNITE 2021 had a grand finale on 24 April 2021. The inaugural talk was delivered by Dr. Thomas Isaac, Finance minister, Govt of Kerala, and Keynote address by Dr. Rajasree, Vice Chancellor, APJ Abdul Kalam Technological university, Kerala. The certificate was handed over virtually during this function. Prize money was transferred to the respective team leaders. The details of the function can be viewed on https://www.youtube.com/c/DarsanaSociety. As already stated, the competition was not conducted with a sole objective of finding winners, but as a mechanism to interact with the participating teams and provide detailed feedback on their projects so that they can work on improving and fine tuning their approach and thinking process. Overall, IGNITE 2021 was positioned to be a launch pad for IGNITE as a preferred platform for innovation in Kerala.

Though IGNITE 2021 started as a Palakkad chapter initiative, it transformed into a major event with active participation and contribution of close to 100 Darsana members. A detailed roadmap with milestones is being worked out. With the support of each and Darsana member, we are sure of converting IGNITE into one more flag ship program of Darsana in the coming years.


ഉറക്കെ പറയാൻ പാടുപെടേണ്ടാ

**മാസ്കിൽ വരുന്നൂ, മൈക്കും സ്പീക്കറും**

എം.ബി.ബാബു
തൃശ്ശൂർ

▸ മാസ്ക് വെച്ചുകൊണ്ട് ഉറക്കെ പറയാൻ ഇനി ശബ്ദതടസ്സം വില്ലനാകില്ല. കേൾക്കാൻ കാതുകൂർപ്പിക്കേണ്ടതുമില്ല. മാസ്കിനും ഫെയ്സ് ഷീൽഡിനും മുകളിൽ ഘടിപ്പിക്കാനാകുന്ന ഇത്തിരിക്കുഞ്ഞൻ വോയ്സ് ആംപ്ലിഫയർ തയ്യാറായി. തൃശ്ശൂർ ഗവ. എൻജിനിയറിങ് കോളേജ് ഇൻക്യുബേറ്ററിലെ ഒന്നാംവർഷ കംപ്യൂട്ടർ സയൻസ് വിദ്യാർഥി കെവിൻ ജേക്കബാണ് ഇത് ഉണ്ടാക്കിയെടുത്തത്. പൂത്തോളിലെ ഡോക്ടർ ദമ്പതിമാരായ സെനുജിൻെറയും ജ്യോതിയുടെയും മകനാണ് കെവിൻ. 60 എണ്ണം ഉണ്ടാക്കി ഡോക്ടർമാർക്ക് നൽകിയപ്പോൾ വലിയ സ്വീകാര്യതയാണ് കിട്ടിയത്. ഇനി ഉപകരണം വ്യാവസായികാടിസ്ഥാനത്തിൽ നിർമിക്കാനൊരുങ്ങുകയാണ്. കണ്ടുപിടിത്താവകാശത്തിന് അപേക്ഷ നൽകിയിട്ടുണ്ട്.

മാസ്കിൽ ഒട്ടയിടാതെ കാന്തമുപയോഗിച്ച് ഉറപ്പിക്കാനാകും. റീചാർജ്ചെയ്ത് ഉപയോഗിക്കാം. ഫെയ്സ് ഷീൽഡിലും ഘടിപ്പിക്കാം. ആവശ്യത്തിനനുസരിച്ച് ശബ്ദം കൂട്ടാനും കുറയ്ക്കാനുമാകും. രണ്ടുസെൻറിമീറ്റർ വീതിയും മൂന്നുസെൻറിമീറ്റർ നീളവുമാണ് വലിപ്പം. ചികിത്സാരംഗത്തുള്ളവർക്കാണ് ഇത് ഏറെ ഉപയോഗപ്പെടുക. രോഗിയിൽനിന്ന് അകലംപാലിച്ചുതന്നെ സംസാരിക്കാം. കൂടുതൽ നേരം സംസാരിച്ചാലും തൊണ്ടയ്ക്ക് ആയാസമുണ്ടാവില്ല. ഇപ്പോൾ ഓരോന്നായി നിർമിക്കുന്നതിനാൽ ഒരെണ്ണത്തിന് 900 രൂപയോളം വരും. വ്യാവസായികാടിസ്ഥാനത്തിൽ നിർമിച്ചാൽ 500 രൂപയേ പരമാവധി വരൂ.

നാലുമണിക്കൂർ തുടർച്ചയായി ഉപയോഗിക്കാം. 30 മിനുട്ടിൽ റീച്ചാർജ് പൂർത്തിയാക്കാം. ഡോക്ടർമാരായ മാതാപിതാക്കളുടെതന്നെ വെല്ലുവിളികൾകണ്ടുള്ള അനുഭവത്തിൽനിന്നാണ് കെവിൻ ഇത്തരമൊരു ഉപകരണം വികസിപ്പിച്ചത്.

പാലക്കാട്ടെ എൻ.എസ്.എസ്. എൻജിനിയറിങ് കോളേജിൽ അലംനി അസോസിയേഷൻ നടത്തിയ ദർശന ഇഗ്നൈറ്റ് എന്ന പ്രോജക്ടിൽ ഏറ്റവും മികച്ച അഞ്ച് പ്രോജക്ടുകളിൽ ഒന്നായി കെവിൻ വികസിപ്പിച്ച മാസ്ക് വോയ്സ് ആംപ്ലിഫയർ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെന്ന് തൃശ്ശൂർ ഗവ. എൻജിനിയറിങ് കോളേജ് ടെക്നോളജി ബിസിനസ് മാനേജർ പ്രൊഫ. അജയ് ജെയിംസ് പറഞ്ഞു.

▸ മാസ്കിൽ ഘടിപ്പിച്ച വോയ്സ് ആംപ്ലിഫയറുമായി കെവിൻ ജേക്കബ്

▸ വോയ്സ് ആംപ്ലിഫയർ

*About Kevin Jacob,Govt Eng College Thrissur, one among the winners*





# LOCKDOWN NOTES

***Rekha Suresh***
***(Wife of Suresh Kumar K. (1989 CE))***

## The haughtiness of having

Good, strong bones to carry your weight across miles,
An agile mind that embraces change,
A love, that's oxygen to the soul,
Loved ones, who are healthy and wise,
Peace, that lets you have deep sleep,
Friends, who make you look forward to weekends,
Work, which is the only meditation you need,
Regular income, to pay off the bills,
Access to learning, to have more neurons, with more connections,
A full meal, large enough to satiate the Limos,
Pets, who wait to be petted and fed,
A cabinet, to choose your drink from,
A massage with a skilled, deep tissue rundown.

Do they make you more thankful and grateful
or more overbearing and arrogant?





# Lessons learnt

Acknowledge one's emotions,
the gamut of feelings
and have a generous cup of tea.

Concentrate on what remains
of the daily routine
and enjoy it leisurely.

Loving one's own company
is a start...
Miss those you'd rather be with,
and come back to self.

Indulge in self grooming,
coffee facials and foot massages,
Enjoy the freedom of wearing
or not thereof...whatever feels great.

Take in the sight of kids
sneaking out to wave at their friends,
or to feed the strays.

Watch the Sun rise and set gloriously,
knowing well that its doing neither.
So much for trusting one's sight....

Make the most of what's in the kitchen.
Simple meal can look sumptuous
if presented well.

Get apps on the phone
on what holds your interest...
For me it was prose, poetry and sudoku.

Enquire about others.
Stay connected to those
who help you stay motivated.







# ഒരു ഉദ്ഘാടനത്തിന്റെ 'കഥ'

*ടി.ജി.നിരഞ്ജൻ (1989 ME)*

ഈയൊരു കഥ ഓർമ്മവന്നത് കഴിഞ്ഞ വർഷം വായിച്ച ചില വാർത്തകളിലെ പേരുകൾ ചേർത്തെടുത്തപ്പോഴാണ്. അതിൽ അവസാനത്തെ വാർത്ത കേരളാ ബാങ്കിന്റെ മാനേജ്മെന്റ് ബോർഡിലേക്ക് ചെർപ്പുളശ്ശേരിക്കാരനായ സ:പി.എ. ഉമ്മർ തിരഞ്ഞെടുക്കപ്പെട്ട എന്ന വാർത്തയാണ്. അതിനു മുമ്പ് രാഗരത്നം മണ്ണൂർ രാജകുമാരനുണ്ണിക്ക് പ്രമുഖർ എൺപതാം പിറന്നാൾ ആശംസകൾ നേർന്നു, പ്രിയ സുഹൃത്ത് കവി പി.എൻ.ഗോപീകൃഷ്ണന് ഇത്തവണത്തെ മുല്ലനേഴി പുരസ്കാരം, മറ്റൊരു സുഹൃത്ത് നാടകസംവിധായകൻ ശ്രീ.നരിപ്പറ്റ രാജുവിന് സംഗീത നാടക അക്കാദമി പുരസ്കാരം എന്നീ വാർത്തകളും വന്നു. ഇതിൽ പറഞ്ഞ സ:പി.എ.ഉമ്മർ, ശ്രീ.മണ്ണൂർ രാജകുമാരനുണ്ണി, മുല്ലനേഴിമാഷ്, ശ്രീ.നരിപ്പറ്റ രാജു എന്നിങ്ങനെ പ്രത്യക്ഷത്തിൽ പരസ്പരം യാതൊരു ബന്ധവുമില്ലാത്ത ആളുകൾ അറിഞ്ഞോ അറിയാതെയോ കഥാപാത്രങ്ങളായ കഥയാണ്. ഊഹിക്കാവുന്നതുപോലെ ഇത്രയും വിചിത്രമായ സംഭവങ്ങൾ നടക്കാവുന്ന ഒരേയൊരിടം നമ്മുടെ കാമ്പസ് ആണെന്നത് ഇതിനകം പിടികിട്ടിക്കാണുമല്ലോ.

32 വർഷം മുമ്പാണ്. കാലം തെറ്റി നടന്ന ഒരു കോളേജ് ഇലക്ഷനു ശേഷം യൂനിയന്റെ ഉദ്ഘാടനമാണ്. അവസാന വർഷ വിദ്യാർത്ഥികളായിരുന്ന ജോസഫ് കല്ലോലിലും ഞാനും യഥാക്രമം ചെയർമാനും ജനറൽ സെക്രട്ടറിയുമാണ്. മഹീന്ദ്രനാഥും ജോജി ഈപ്പൻ സഖറിയയും യു.യു.സിമാർ. ഗിരീഷ് ആർട്സ് ക്ലബ്ബ് സെക്രട്ടറി. ഒമർ ഷെറീഫ് എഡിറ്റർ. ഞങ്ങളുടെ ബാച്ചിലെ സിവിലിലെ അനിത വൈസ് ചെയർമാനും താഴെയുള്ള ബാച്ചിലെ അനു ഫ്രെഡറിക്ക് ജോയിന്റ് സെക്രട്ടറിയും. അജിത് സഖറിയയും ഞാനും അജിത് ബിയും ഷിജു പോളും എസ്.എഫ്.ഐ യൂനിറ്റ് ഭാരവാഹിത്വത്തിൽ നിന്ന് ഒഴിഞ്ഞിട്ടില്ല എന്നാണ് ഓർമ്മ. അന്ന് കാമ്പസ് തിയേറ്റർ സജീവമായതുകൊണ്ട് യൂനിയൻ ഉദ്ഘാടനം നാടകരംഗവുമായി ബന്ധപ്പെട്ട് നടത്തിയാലോ എന്ന് ആലോചന വന്നു. കാമ്പസ് തിയേറ്ററിന്റെ നട്ടെല്ലും അക്കാലത്ത് കേരളത്തിലെ അമച്വർ നാടകരംഗത്തെ പ്രമുഖ നടനുമായിരുന്ന ഉണ്ണികൃഷ്ണൻ (ഉണ്ണി സത്താർ) ആവേശകരമായ ഒരു വാർത്ത പറയുന്നത്


The following were elected as representatives to the various seats of the General Council.

| | | |
|---|---|---|
| Chairman | : | Joseph J. Kallolil |
| Vice-Chairman | : | Anitha S. |
| Gen. Secretary | : | Niranjan T. G. |
| Jt. Secretary | : | Annu Frederick |
| University Union | : | Maheendranath C. |
| Councillors | : | Geogy Eapen Zachariah |
| Secretary, Arts Club | : | Girish K. |
| Gen. Captain | : | Madhusoodhanan |
| Student Editor | : | Omer Sherif |
| Sec. L&D Society | : | Aji John Joseph |
| ,, Audio Visual Club | : | Jaikish J. |
| ,, Planning Forum | : | Harikrishnan |
| ,, S.S. League | : | Madhu Mohan |
| Final Year Rep. | : | Joseph Verghese |
| Third Year Rep. | : | Salim N. E. |
| Second year Rep. | : | Shersha A. R. |
| First Year Rep. | : | Krishnadas Menon |
| Secretary Mech.Assn. | : | Shajil M. P. |
| ,, Elect Assn. | : | Ajith K. Bhaswan |
| ,, Civil Assn. | : | Sureshkumar K. |
| ,, I & C Assn. | : | Satheesh V. C. |
| ,, E & C Assn. | : | Rajesh T. R. |

അപ്പോഴാണ്. ബ്രെഹ്റ്റിയൻ തിയേറ്ററിന്റെ തുടർച്ചക്കാരിയും വിഖ്യാത ജർമ്മൻ സംവിധായികയുമായ മയാ താങ്ബെർഗ് കേരളത്തിലുണ്ട്. അവരെക്കൊണ്ട് യൂനിയൻ ഉദ്ഘാടനം ചെയ്യിപ്പിച്ചാലോ എന്ന ആലോചന സ്വാഭാവികമായും വന്നു. അന്നത്തെ കാമ്പസ് നാടകങ്ങളുടെ ഗുരുവായിരുന്ന ശശിയേട്ടന്റെ (ശശിധരൻ നടുവിൽ) പിന്തുണയും കിട്ടി. മയ തൃശ്ശൂരാണ്. എന്നാൽപ്പിന്നെ അതിഥികൾ എല്ലാം തൃശ്ശൂരിൽ നിന്ന് എന്നും തീരുമാനമായി. ഒരു കാറിൽ എല്ലാവരും പോരുന്നത് ബഡ്ജറ്റിനും സൗകര്യം. അങ്ങനെ മയാ താങ്ബർഗ് യൂനിയൻ ഉദ്ഘാടനം, മുല്ലനേഴിമാഷ് ആർട്സ് ക്ലബ്ബ് ഉദ്ഘാടനം, സിവിക് ചന്ദ്രൻ ലിറ്ററി ആൻഡ് ഡിബേറ്റിങ്ങ് ക്ലബ്ബ് ഉദ്ഘാടനം എന്ന് ധാരണയായി. ക്ഷണിച്ചപ്പോൾ എല്ലാവർക്കും സൗകര്യം ഒരു ശനിയാഴ്ച. അങ്ങനെത്തന്നെ എന്ന് ഉറപ്പിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് അന്നത്തെ പ്രശസ്ത ഹിപ്നോട്ടിസ്റ്റ് ആയ സുഹൃത്ത് സന്തോഷ് ബാബുവിന്റെ ഹിപ്നോരമ എന്ന അന്ധവിശ്വാസങ്ങൾക്കെതിരായ പരിപാടിയും ആവാം എന്ന് നിശ്ചയിച്ചു. തൃശ്ശൂരിൽ മാഗസിൻ പ്രിന്റ് ചെയ്യുന്ന പ്രിന്റ്സ്സിൽ വെച്ചാണ് സന്തോഷ് ബാബുവിനെ പരിചയപ്പെടുന്നത്. അന്ന് സെന്റ് തോമസ് കോളേജിന്റെ മാഗസിൻ എഡിറ്ററായിരുന്ന സന്തോഷ് ബാബു. (സന്തോഷ് പിന്നീട് സീ ടി.വിയിൽ ഹിപ്നോരമ ഷോ നടത്തി. കുറച്ചു കാലം ഭൂട്ടാനിൽ അദ്ധ്യാപകനായും വേൾഡ് വൈൽഡ് ഫണ്ടിലെ ഉദ്യോഗസ്ഥനായും ജോലി ചെയ്തു. പിന്നീട് ഒരു പ്രമുഖ വ്യക്തിത്വ വികസന അദ്ധ്യാപകനായി കോർപ്പറേറ്റ് മേഖലയിൽ പ്രശസ്തനായി )

എല്ലാം നിശ്ചയിച്ച് അതിഥികളുമായി സമയമൊക്കെ പറഞ്ഞുറപ്പിച്ച ശേഷം ഉദ്ഘാടനത്തിന്റെ അറിയിപ്പുകൾ ഇട്ടു. അപ്പോഴാണ് അടുത്ത പ്രശ്നം. കോളേജിലെ നോൺ ടീച്ചിങ്ങ് സ്റ്റാഫിലെ പലരും ഉൾപ്പെട്ട പ്രാദേശിക നായർ സർവീസ് സൊസൈറ്റി കരയോഗം അന്നു തന്നെ കോളേജ് ഓഡിറ്റോറിയത്തിൽ ഒരു പരിപാടി വെച്ചിട്ടുണ്ട്. മണ്ണൂർ രാജകുമാരനുണ്ണിയുടെ സംഗീതക്കച്ചേരി. ടിക്കറ്റ് വെച്ചാണ്. പരിപാടി മാറ്റാൻ നിവർത്തിയില്ല. എന്തെങ്കിലും വഴിയുണ്ടാക്കണം എന്ന ആവശ്യവുമായി എത്തിയത് മെക്കാനിക്കൽ ലാബി


*മയാ താങ്ബർഗ്, മുല്ലനേഴി മാഷ്, സിവിക് ചന്ദ്രൻ*



*മണ്ണൂർ രാജകുമാരനുണ്ണി, ഉണ്ണി സത്താർ, ശശിധരൻ നടുവിൽ*

ലേയും മറ്റും ചിരപരിചിതരായ ജീവനക്കാരാണ്. ആരോടും മറുത്ത് പറയാനും നിവർത്തിയില്ല. എന്നാൽപ്പിന്നെ വേദി പങ്കിടുകയായിരിക്കും നല്ലത് എന്ന് ധാരണയായി. ഉച്ചക്ക് രണ്ട് മണിക്ക് കോളേജ് യൂനിയൻ ഉദ്ഘാടനയോഗം. വൈകുന്നേരം നാലര മണിക്ക് മുമ്പ് സംഗീതക്കച്ചേരിക്ക് വേദി ഒഴിഞ്ഞുകൊടുക്കാം. സ്റ്റേജ് സെറ്റിങ്ങ് കഴിഞ്ഞ് അഞ്ച് മണി ആവുമ്പോൾ രാജകുമാരനുണ്ണി മാഷുടെ പരിപാടി ആരംഭിക്കാം. ഏറ്റവും പ്രായോഗികമായ പരിഹാരമായി. സൗണ്ട് സിസ്റ്റം വാടക കൂടി പങ്കിടാം എന്ന് കൂടി ധാരണയായതോടെ എല്ലാവർക്കും സന്തോഷമായി.

സംഭവദിവസമായി. അതിഥികളെ കൂട്ടിക്കൊണ്ടു വരാൻ ഉണ്ണി തലേന്നു തന്നെ പോയി. ലാൻഡ് ലൈൻ വഴി എസ്.ടി.ഡിയും ട്രങ്ക് കാളും ആയുള്ള ഫോൺ സംവിധാനമേ ഉള്ളൂ എന്നതുകൊണ്ട് പരസ്പരം ബന്ധപ്പെടാൻ വഴിയൊന്നുമില്ല. ഉച്ചക്കു മുമ്പ് ഓഡിറ്റോറിയമൊക്കെ തയ്യാറാക്കി. അതിഥികളേയും കാത്ത് ഞങ്ങളെല്ലാം പോർച്ചിൽ ഇരിപ്പായി. ഒന്നര മണി ആവുമ്പോഴേക്കും ഓഡിറ്റോറിയത്തിൽ വിദ്യാർത്ഥികളൊക്കെ എത്തി. ഹോസ്റ്റൽ വിദ്യാർത്ഥികൾ കൂടുതൽ ഉള്ള കാലമാണ്. ഡേ സ്കോളേഴ്സ് ഉച്ചക്ക് ഒരു മണിയുടെ എസ്.എൻ. എസിൽ തന്നെ എത്തിയിട്ടുണ്ട്.

രണ്ടു മണിയായി, രണ്ടേ കാലായി, രണ്ടരയായി..അതിഥികളുടെ യാതൊരു വിവരവുമില്ല. പ്രിൻസിപ്പൽ സോമശേഖരൻ സാർ ഉച്ചക്കു മുമ്പു തന്നെ എത്തിയിട്ടുണ്ട്. അവർ വന്നാൽ കൂട്ടിയിട്ടു വരൂ എന്ന് പറഞ്ഞ് ചേംബറിലേക്ക് പോയതാണ്. രണ്ടേമുക്കാലായപ്പോൾ  എൻ.എസ്.എസ്.ഭാരവാഹികൾ വന്ന് വൈകിയാലും നാലരക്ക് സ്റ്റേജ് ഒഴിഞ്ഞുകിട്ടില്ലേ എന്ന് വന്ന് അന്വേഷിച്ചു. വാക്കു പറഞ്ഞാൽ വാക്കാണ് ഒരു സംശയവും വേണ്ട എന്ന് ഉറപ്പും കൊടുത്തു.

രണ്ടേമുക്കാൽ, മൂന്ന്, മൂന്നേ കാൽ.. ക്ഷമ നശിച്ചു തുടങ്ങി. ഉദ്ഘാടനപരിപാടിക്ക് നാലരയുടെ മുമ്പ് സമയം തികയുമോ എന്ന ആധി തുടങ്ങി. അതിനിടെ പുറപ്പെടാൻ വൈകിയെന്നും തൃശ്ശൂർ നിന്ന് വിട്ടുന്നു എന്നുമുള്ള വിവരം ഹോസ്റ്റലിലെ ഫോണിൽ ഉണ്ണി വിളിച്ചുപറഞ്ഞു എന്നറിഞ്ഞു. എപ്പോൾ എവിടെ എന്നൊന്നും അപ്പോഴും ധാരണയായില്ല. അന്നത്തെ തൃശ്ശൂർ പാലക്കാട് യാത്രയുടെ അവസ്ഥയിൽ ഒന്നിനും ഒരു ഗ്യാരണ്ടിയുമില്ല. ഓഡിറ്റോറിയത്തിൽ നിറഞ്ഞിരുന്ന സദസ്സ് അസ്വസ്ഥമായിത്തുടങ്ങി. ടെൻഷൻ കൂടിയപ്പോൾ മഹീന്ദ്രനും അജിത് സഖറിയയും കൂടെ നിന്ന് സമാധാനിപ്പിച്ചു. എന്തെങ്കിലും വഴിയുണ്ടാവും എന്ന പ്രതീക്ഷയിൽ നാലേകാൽ വരെ കാത്തു. പിന്നെ രണ്ടും കല്പിച്ച് തീരുമാനമെടുത്തു. നാലര വരെ ആരെയും കണ്ടില്ലെങ്കിൽ സ്റ്റേജ് എൻ.എസ്. എസ് കാർക്ക് ഒഴിഞ്ഞുകൊടുക്കും.നാലരക്ക് വന്നാൽ അഞ്ച് മണിക്കുള്ളിൽ ഉദ്ഘാടനച്ചടങ്ങ് മാത്രം നടത്തി സ്റ്റേജ് ഒഴിഞ്ഞുകൊടുക്കാം.  ബാക്കി വരുന്നിടത്തു വെച്ച് കാണാം. ആലോചിച്ചിട്ട് പോരേ എന്ന് അജിത് സഖറിയ.



*ചെയർമാൻ, ജനറൽ സെക്രട്ടറി, വൈസ് ചെയർമാൻ, ജോ.സെക്രട്ടറി*

പറഞ്ഞ വാക്ക് പാലിക്കണം, അല്ലെങ്കിൽ മര്യാദകേടാണ് എന്ന വിഷമത്തോടെ ഞാനും. സോമശേഖരൻ സാറിനോട് സ്ഥിതിഗതികൾ പറഞ്ഞു. വിദ്യാർത്ഥികളുടെ സംഘാടനശേഷിയിൽ പൂർണമായും മതിപ്പു കാണിച്ചിരുന്ന സാറിന് മറ്റൊരു മാർഗവും നിർദേശിക്കാനുമുണ്ടായിരുന്നില്ല.

നാലരക്കു മുമ്പ് പക്കമേളക്കാരോടൊപ്പം രാജകുമാരനുണ്ണി മാഷെത്തി. അച്ഛന്റെ സുഹൃത്തായ മാഷെ കണ്ട് പരിചയം പുതുക്കുന്നതിനോടൊപ്പം നിലവിലെ സാഹചര്യം സൂചിപ്പിച്ചു. സ്വാഭാവികമായും എന്റെ ബേജാറൊന്നും മനസ്സിലാവാതെ രാജകുമാരനുണ്ണിമാഷ് വളരെ സൗമ്യവും എളിമ നിറഞ്ഞതുമായ തന്റെ പതിവു രീതിയിൽ വർത്തമാനങ്ങളും കുശലാന്വേഷണങ്ങളും ഒക്കെ നടത്തി. മാഷെ പ്രിൻസിപ്പലിന്റെ ചേംബറിൽ കൊണ്ടുപോയി ഇരുത്തി. ബേജാറായി നിൽക്കുന്ന എൻ.എസ്.എസ്.കാരെ സമാധാനിപ്പിച്ചു. തന്ന വാക്കിൽ മാറ്റമൊന്നും ഉണ്ടാവില്ല. കൃത്യം നാലരക്ക് അതിഥികൾ വൈകിപ്പോയ നിർഭാഗ്യകരമായ അവസ്ഥ ഓഡിറ്റോറിയത്തിലെ മൈക്കിൽ അനൗൺസ് ചെയ്തു. സ്റ്റേജ് രാജകുമാരനുണ്ണിമാഷുടെ സംഗീതക്കച്ചേരിക്കായി ഒഴിഞ്ഞുകൊടുക്കുന്നു എന്ന് അറിയിച്ചു.

സ്റ്റേജ് സെറ്റ് ചെയ്ത് കൃത്യം അഞ്ചു മണിക്ക് സംഗീതക്കച്ചേരി തുടങ്ങി. ഉദ്ഘാടനച്ചടങ്ങിന് ഹോസ്റ്റലിൽ നിന്നു വന്ന വിദ്യാർത്ഥികളൊക്കെ അതിനകം തിരിച്ചുപോയിരുന്നു. പരിപാടിയുടെ ടെൻഷൻ കൊണ്ട് ഉച്ചക്കു മുമ്പു തന്നെ വിശപ്പുകെട്ട കോളേജ് യൂനിയൻ ഭാരവാഹികളും അജിത് സഖറിയ ഉൾപ്പെടെയുള്ള സഖാക്കളും പോർച്ചിലെ പടിയിൽ കുത്തിയിരുന്നു. ഏതാണ്ട് അഞ്ചരയാവുമ്പോൾ ഒരു വെളുത്ത അംബാസിഡർ കാർ അതിന്റെ പരമാവധി വേഗതയിൽ കോളേജ് ഗേറ്റും കടന്ന് പോർച്ചിൽ ഇരമ്പി വന്നു നിന്നു. മുൻസീറ്റിൽ നിന്ന് പരിഭ്രമത്തോടെ ഉണ്ണിയും ശശിയേട്ടനും പുറത്തിറങ്ങി. ബാക്ക് ഡോറിലൂടെ മുഷിഞ്ഞ മുഖവുമായി മയയും  മുല്ലനേഴിമാഷും കൂടെ ഒന്നും ബാധിക്കാത്ത മട്ടിൽ സിവിക്കും.

എല്ലാവരേയും പ്രിൻസിപ്പലിന്റെ മുറിയിലേക്ക് കോണ്ടുപോകാൻ ഒരുങ്ങിയപ്പോഴേക്കും മുല്ലനേഴിമാഷ് അടുത്തേക്ക് വിളിച്ച് അടുത്ത ഷോക്ക് തന്നു.

“ഡാ.. നിങ്ങടെ തമാശകളി ഒന്നും നടക്കില്യാട്ടോ.. മയക്ക് 7 മണിക്ക് ചെർപ്ലശ്ശേരി എത്തണം. അവിടെ കഥകളി കാണണം. അതിന് എന്താച്ചാൽ ഏർപ്പാട് നോക്കിക്കോ..”

അക്ഷരാർത്ഥത്തിൽ ഞെട്ടി.



*യു.യു.സി, യു.യു.സി, ആർട്സ് ക്ലബ്ബ് സെക്രട്ടറി, എഡിറ്റർ, ജന.കാപ്റ്റൻ*



*89 ബാച്ചുകാരിൽ ചിലർ (ഇടത്തു നിന്ന്) : നിരഞ്ജൻ, മനോഹരൻ, മനോജ്.കെ.സി, ജയശീലൻ, അശോകൻ, അജിത് സഖറിയ, അംബുജാക്ഷൻ*

അപ്പോൾത്തന്നെ പുറപ്പെട്ടാലും ചെർപ്പുളശ്ശേരിയിൽ 7 മണിക്ക് എത്തില്ല. ധൃതി പിടിച്ച് ഉദ്ഘാടനം നടത്താമെന്ന വെച്ചാൽ സ്റ്റേജിൽ രാജകുമാരനുണ്ണി മാഷുടെ കച്ചേരി നടന്നുകൊണ്ടിരിക്കുന്നു.

ആലോചിച്ച് എത്തും പിടിയും കിട്ടിയില്ലെങ്കിലും "വഴീണ്ടാക്കാം മാഷേ" എന്ന് ഒരു ധൈര്യത്തിനു പറഞ്ഞു.

മുല്ലനേഴിമാഷ് ചൂടിലാണ്.

"എന്ത് വഴി ണ്ടാക്കാൻ? ഇപ്പൊ ഈ വണ്ടീൽത്തന്നെ മയയെ വിടണം. ഞാനും സിവിക്കും ഇബടെ നിക്കാം" എന്നായി മാഷ്.

എന്തായാലും നമുക്ക് ഒന്ന് ഇരുന്ന് സംസാരിക്കാം എന്ന് സമാധാനിപ്പിച്ച് എല്ലാവരേയും പ്രിൻസിപ്പലിന്റെ മുറിയിൽ ഇരുത്തി. സന്തുലിതാവസ്ഥയിൽ ഉള്ള സിവിക്കിനെ മാത്രം പുറത്തിറക്കി. ചെർപ്പുളശ്ശേരിക്കടുത്ത് കഥകളിയുടെ സ്വന്തം നാടായ വെള്ളിനേഴി പഞ്ചായത്തുകാരനെന്ന നിലയിൽ ഈ സീസണിൽ വൈകുന്നേരം 7 മണിക്ക് കഥകളി നടക്കുന്ന ഇടം ഏതാണ് എന്ന് ആശ്ചര്യപ്പെട്ടപ്പോഴാണ് സിവിക്ക് വിവരം പറഞ്ഞത്. കഥകളി നടക്കുന്നത് ചെർപ്പുളശ്ശേരിക്കടുത്ത് കാറൽമണ്ണയിൽ ഡി.വൈ.എഫ്.ഐയുടെ വില്ലേജ് സമ്മേളനത്തിന് അനുബന്ധിച്ചാണ് (ഹമ്പട ഡിഫിക്കാരേ..!) മയക്ക് ആ കളി കാണാൻ ശിഷ്യർ സൗകര്യപ്പെടുത്തിയതാണ്. മയയുടെ ഇപ്പഴത്തെ ടൂർ പ്രോഗ്രാം അനുസരിച്ച് മറ്റൊരു അവസരം ഇല്ല.

അപ്പോഴേക്കും മുല്ലനേഴിമാഷ് പുറത്തിറങ്ങി. ഒന്ന് തണുത്തിട്ടുണ്ട്. സംഘാടകരുടെ വിഷമം നന്നായി അറിയുന്ന ആളാണ് മാഷ്. ഒരുപാട് അനുഭവങ്ങളുള്ള സാംസ്കാരികപ്രവർത്തകൻ. ക്ഷോഭം വെടിഞ്ഞ മാഷോട് സമാധാനത്തിൽ കാര്യങ്ങൾ സംസാരിച്ചു. ഞങ്ങളകപ്പെട്ട വിഷമാവസ്ഥ വിശദമാക്കി.

ഈ കഥകളി മിസ്സായാലും മറ്റൊരു കഥകളി ഏർപ്പാടാക്കിയാൽ പോരേ എന്നു ചോദിച്ചപ്പോൾ മാഷ് എന്നെ ഒന്ന് രൂക്ഷമായി നോക്കി.

"നെണക്കെന്താ കഥകളിയുമായി ഏർപ്പാട്?" എന്നായി.

ഔദ്യോഗികഭാഷ കഥകളിയായ വെള്ളിനേഴിയിലെ അടക്കാപുത്തൂരാണ് എന്റെ രാജ്യം എന്ന് ചുരുങ്ങിയ വാക്കുകളിൽ മാഷെ ധരിപ്പിച്ചു. മുല്ലനേഴിമാഷ് ഒന്നയഞ്ഞു. മാഷുടെ അടക്കാപുത്തൂർ ബന്ധവും സൗഹൃദവുമായി മാഷ് അച്ഛന്റെ പേര് പരാമർശിച്ചത് രക്ഷയായി. അതോടെ മാഷ്ക്ക് എന്നെ ലേശം വിശ്വാസമൊക്കെ വന്നു.

വീണ്ടും മയയുമായി സംസാരിച്ചു. രക്ഷയില്ല. കഥകളി കാണാൻ ഇന്നു മാത്രമേ വഴിയുള്ളൂ. മറ്റു ദിവസങ്ങളിലെ പരിപാടികൾക്കിടയിൽ നിവൃത്തിയില്ല.

വീണ്ടും ആലോചനയായി. മയ താങ്ബർഗിനെപ്പോലൊരാളെ ബുദ്ധിമുട്ടിക്കുന്ന

തിൽ ഉള്ള വിഷമം കൊണ്ട് എന്നാൽപ്പിന്നെ അവരങ്ങോട്ട് പോട്ടെ എന്ന നിലപാടിൽ വരെ ഞാനെത്തി.

"ഹെ..അതെങ്ങനെ ശരിയാവും! ഉദ്ഘാടനം നടത്തിയിട്ടേ അവരിവിടുന്ന് പോകാവൂ"

എന്ന് വിലക്കിയത് അജിത് സഖറിയയാണ്.

രാജകുമാരനുണ്ണി മാഷുടെ കച്ചേരി പകുതി പോലും ആയിട്ടില്ല. മയ അക്ഷമയായി ഇരുന്ന് ചന്ദ്രന്റെ കാന്റീനിൽ നിന്ന് കൊണ്ടുവന്ന പരിപ്പുവട പ്ലേറ്റിൽ ഇട്ട് വെറുതെ നീക്കിക്കളിക്കുകയാണ്.



അജിത് സഖറിയ

എല്ലാം കുളമായ അവസ്ഥയിൽ നമുക്കൊരു ധൈര്യം വരാനുണ്ടല്ലോ. അപ്പോൾ പല വഴികളും തുറന്നുകിട്ടുകയും ചെയ്യും.

വില്ലേജ് സമ്മേളനത്തിന് കഥകളി നടത്താനുള്ള ചെർപ്പുളശ്ശേരിമനസ്സിനെ വിശ്വസിച്ചുകൊണ്ട് സി.പി.ഐ.(എം) ആപ്പീസിലേക്ക് ട്രങ്ക് കാൾ ബുക്ക് ചെയ്തു. അന്ന് ചെർപ്പുളശ്ശേരിയിൽ എസ്.ടി.ഡി സൗകര്യം ആയിട്ടില്ല.

ഫോൺ എടുത്തത് ചെർപ്പുളശ്ശേരി പാർട്ടിയുടെ എല്ലാമായിരുന്ന സ:പി.എ. ഉമ്മർ. ചുരുങ്ങിയ വാക്കിൽ ഉമ്മർക്കയോട് കാര്യങ്ങൾ വിശദീകരിച്ചു. അന്ന് ഉമ്മർക്ക പാർട്ടി ജില്ലാ സെക്രട്ടറിയേറ്റംഗവും ചെർപ്പുളശ്ശേരി സർവീസ് സഹകരണബാങ്ക് പ്രസിഡണ്ടും ആണ് എന്നാണ് ഓർമ്മ. വെറും മൂന്നാം ക്ലാസ് വരെ മാത്രം ഔപചാരികവിദ്യാഭ്യാസമുള്ള ഉമ്മർക്കയെ പിന്നീട് സംസ്ഥാന സഹകരണബാങ്കിന്റെ അദ്ധ്യക്ഷനും കേരളാ ബാങ്കിന്റെ ഉപജ്ഞാതാവും ഒക്കെ ആക്കിയ ആ വിശകലനബുദ്ധിയിൽ പെട്ടെന്ന് കാര്യം തിരിഞ്ഞു. ഒറ്റ വാചകത്തിൽ മറുപടി കിട്ടി.

"അണക്ക് പ്പൊ എന്താ വേണ്ടത്.. മദാമ്മ വന്നിട്ടേ ഡി.വൈ.എഫ്.ഐക്കാര് കഥകളി തുടങ്ങമ്പാടൂ..എന്നല്ലേ.. അത് ഞാൻ ഏറ്റു. ഓരോട് പറഞ്ഞള.."

അതിലും വലിയ ഒരു ഉറപ്പ് അപ്പോൾ കിട്ടാനുണ്ടായിരുന്നില്ല. വിവരം മുല്ലനേഴിമാഷേയും സിവിക്കിനേയും അറിയിച്ചു. അവർ വഴി മയയേയും. എല്ലാവർക്കും സമാധാനമായി. അതിനു ശേഷമാണ് മയയോട് നേരിട്ട് സംസാരിക്കാനുള്ള ധൈര്യം വന്നത്.

എന്നാലും എനിക്കു വേണ്ടി അവർ അത്രയധികം കാത്തിരിക്കുന്നത് ശരിയല്ലല്ലോ. കഴിയുന്നതും വേഗം പരിപാടി നടത്താൻ നോക്കു എന്ന് അപ്പോഴും മയ





ചെറുതായി മുഷിഞ്ഞു.

രാജകുമാരനുണ്ണിമാഷുടെ കച്ചേരി കഴിഞ്ഞിട്ടില്ല. പോപ്പുലർ പാട്ടായ രാധികാ കൃഷ്ണാ പാടിക്കഴിഞ്ഞു. അത്യാവശ്യം കീർത്തനങ്ങളും ഒക്കെ ആയി. സ്വകാര്യമായി അന്വേഷിച്ചപ്പോൾ ഇനി നിർത്തിയാലും കുഴപ്പമില്ല, ആളുകൾക്ക് പരാതിയുണ്ടാവില്ല എന്ന് സംഘാടകർ. അങ്ങോട്ട് വാക്കു പാലിച്ച് സൗകര്യം ചെയ്തു കൊടുത്തതിന് ഇങ്ങോട്ടും സഹായം ചെയ്യാൻ അവർ തയ്യാർ. പക്ഷെ എങ്ങനെ നിർത്തും എന്ന് ശങ്ക.

അതിന്റെ മര്യാദകേടിനെപ്പറ്റിയൊന്നും കൂടുതലൊന്നും ആലോചിക്കാതെ ഒരു കടലാസുതുണ്ടിൽ രാജകുമാരനുണ്ണി മാഷ്ക്ക് ഒരു കുറിപ്പ് സ്റ്റേജിൽ കൊടുത്തയച്ചു. മാഷേ, നിവൃത്തിയില്ലാത്തതുകൊണ്ടാണ്. അതിഥികൾ കാത്തിരിക്കുന്നു. കച്ചേരി അവസാനിപ്പിച്ച് സഹായിക്കണം എന്ന് ചുരുക്കം.

രാഗവിസ്താരത്തിനിടയിൽ കുറിപ്പു വായിച്ച് മാഷ് ചെറുതായിട്ടൊന്നു ചിരിച്ചു. ആ കീർത്തനത്തോടെ തന്നെ സദസ്സിന് നന്ദി പ്രകടിപ്പിച്ച് കച്ചേരി അവസാനിപ്പിച്ചു.

രാജകുമാരനുണ്ണിമാഷോട് ക്ഷമ ചോദിച്ചും നന്ദി പറഞ്ഞും സ്നേഹത്തോടെ യാത്ര പറഞ്ഞു. അപ്പോഴേക്കും അറിയിപ്പുകൊടുത്ത് ഹോസ്റ്റലുകളിൽ നിന്ന് വിദ്യാർത്ഥികൾ മുഴുവനെത്തി. അക്കാലത്ത് അതിഥികളെ ബഹുമാനിക്കുന്ന സദസ്സ് എന്ന് പാലക്കാട് എഞ്ചിനീയറിങ്ങ് കോളെജിനുണ്ടായിരുന്ന സൽപ്പേര് അന്വർത്ഥമാക്കി വമ്പിച്ച കരഘോഷത്തോടെ അതിഥികളെ സ്വീകരിച്ചു. സദസ്സ് കണ്ടതോടെത്തന്നെ മയാ താങ്ബർഗ് ഉഷാറായി. പെൺകുട്ടികൾ അപ്പോൾ ഹോസ്റ്റലിരുന്ന് കോർത്ത വലിയൊരു മുല്ലപ്പൂമാല വൈസ് ചെയർമാൻ അനിത കഴുത്തിൽ ചാർത്തിക്കൊടുത്തപ്പോൾ അവർ ഒന്ന് തെളിഞ്ഞു ചിരിച്ചു. ഏറെ നേരം ആ മാല മണത്തും കയ്യിലെടുത്ത് നോക്കിയും ആഹ്ലാദവതിയായ അവർ ആ ഉത്സാഹത്തോടെ തന്നെ മനോഹരമായ ഉദ്ഘാടനപ്രസംഗം നടത്തി. മുല്ലനേഴിമാഷും സിവിക്കും അവരുടെ പ്രസംഗം ഉഷാറാക്കി. അങ്ങനെ ഉദ്ഘാടനച്ചടങ്ങ് വൈകിയെങ്കിലും ഗംഭീരമായി കഴിഞ്ഞു. വന്ന അവസ്ഥയിൽ നിന്ന് വിഭിന്നമായി ഏറെ സന്തോഷത്തോടെ മയയെ ചെർപ്പുളശ്ശേരിക്ക് യാത്രയയച്ചു. മുല്ലനേഴിമാഷെ പാലക്കാട്ടെ ആശ്വാസകേന്ദ്രങ്ങൾ വഴി സിവിക്കിന്റെ കൂടെ തൃശ്ശൂർക്കും.



*മയ കടമ്പഴിപ്പുറം നാട്യശാസ്ത്രയിൽ ദിലീപൻ മാഷോടൊപ്പം*

രാത്രിയിൽ സന്തോഷ് ബാബുവിന്റെ ഹിപ്പോരമ വിദ്യാർത്ഥികൾക്ക് വേറി

ട്ട അനുഭവമായി. ഏറെക്കാലം കാമ്പസിൽ ചർച്ചയായ പരിപാടിയായി അത്. കലിക്കറ്റ് യൂനിവേഴ്സിറ്റി കാമ്പസുകളിൽ അതോടെ ഹിപ്പോരമ പ്രചാരം നേടി.

മയാ താങ്ബർഗ് പിന്നീട് പല തവണ കേരളത്തിൽ വന്നുപോയി. തൃശ്ശൂരും കാറൽമണ്ണയിലും കടമ്പഴിപ്പുറത്തുമൊക്കെ വന്ന് അവർ നാടകം സംവിധാനം ചെയ്തു. വള്ളുവനാടൻ പ്രദേശങ്ങളിൽ നരിപ്പറ്റ രാജുവായിരുന്നു മയയെ ഏറ്റെടുത്ത് കൊണ്ടുപോയിരുന്നത്.

ആ കോളേജ് യൂനിയനോടെ ഞങ്ങളുടെ കാമ്പസ് ജീവിതം അവസാനിച്ചു. വർഷങ്ങൾ കഴിഞ്ഞു. പിന്നീടും മയാ താങ്ബർഗിന്റെയോ മുല്ലനേഴിമാഷു ടെയോ പേരു പരാമർശിക്കുമ്പോൾ ഒരു ചെറിയ ചമ്മലോടെ അന്നത്തെ ദിവസം ഞാനോർക്കും. സിവിക് ഒരു പരിപാടിക്ക് ക്ഷണിതാവായി ചിറ്റൂരിൽ വന്നപ്പോഴും ഏറ്റവുമൊടുവിൽ ശശിയേട്ടന്റെ നാടകദ്വീപിൽ വെച്ച് മുല്ലനേഴി മാഷുടെ മകൻ പ്രകാശനെ കണ്ടപ്പോഴും ഓർത്തു. ഇക്കഴിഞ്ഞ ജനവരിയിൽ ചെർപ്പുളശ്ശേരി അർബൻ ബാങ്കിൽ നടന്ന ഒരു സാംസ്കാരികപരിപാടിയിൽ ഉമ്മർക്കയുടെ ഒപ്പം പങ്കെടുത്തപ്പോൾ ഞാനീ സംഭവം തമാശയായി അനുസ്മ രിച്ചു. കേരള ബാങ്ക് എന്ന സങ്കല്പം അവതരിപ്പിച്ച് അതിന്റെ പ്രഥമ മാനേജ് മെന്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഉമ്മർക്കയെ ആ വേദിയിൽ ആദരിച്ചിരുന്നു. പരിപാടി കഴിഞ്ഞപ്പോൾ ഉമ്മർക്കയുടെ മകൻ സലീമിന്റെ അസുഖവിവരങ്ങൾ വിഷമത്തോടെ കേട്ടു. അധികം താമസിയാതെ ഫെബ്രുവരിയിൽ സലീം അന്തരിച്ചു എന്ന ദു:ഖവാർത്ത അറിഞ്ഞു.

അന്ന് കാറൽമണ്ണക്ക് മയയെ എങ്ങനെയാണ് കൊണ്ടുപോയത് എന്ന് സത്യ ത്തിൽ ഞാൻ മറന്നുപോയിരുന്നു. കുറച്ച് വർഷങ്ങൾക്കു മുമ്പ് കടമ്പഴിപ്പുറത്ത് ദിലീപൻ മാഷുടെ നാട്യശാസ്ത്രയിൽ നിന്ന് പുറത്തിറങ്ങി മയാ താങ്ബർഗിന്റെ കാര്യം സംസാരത്തിൽ വന്നപ്പോൾ അന്നത്തെ ഡി.വൈ.എഫ്.ഐ കഥകളി സംഘടിപ്പിച്ച വിദ്വാൻ ആരാണാവോ എന്ന് ഞാൻ അതിശയിച്ചു.

മുമ്പിലിരുന്ന നരിപ്പറ്റ രാജു രൗദ്രവേഷത്തിൽ ചാടിയെണീറ്റ്




"ഞാന്തന്നെ..!"

പിന്നെ എനിക്കു നേരെ കൈ ചൂണ്ടി തുടർന്നു.

"ഞാന്തന്നെ..! ഹന്ന് നെന്നെ കയ്യില് കിട്ടീട്ട് ണ്ടായിരുന്നെങ്കില്

ണ്ടല്ലോ!"

അന്ന് കാറൽമണ്ണയിൽ ചുട്ടി കുത്തി കാത്തിരുന്നിട്ടുണ്ടാ വുമായിരുന്ന സ: നളനേയും സ: ദമയന്തിയേയും ഓർത്തുകൊണ്ട് കലി ബാധിച്ച രാജുവേട്ടനെ ഞാൻ കെട്ടിപ്പിടിച്ചടക്കി.

ശുഭം!

*നരിപ്പറ്റ രാജുവും മയാ താങ്ബർഗും ഒരു നാടകാവതരണത്തിനു ശേഷം*

# ART LINKS

A PAGE LINKED TO CREATIVE TALENTS FROM OUR CAMPUS



Nithin Peetambaran

https://youtu.be/mAMRP0OWheo
Song: Ithal
Movie: Koora
Sung by: Vijay Yesudas,
Sruthi Peetambaran
Music by: Nithin Peetambaran
Lyrics by: Vishnu V P

https://youtu.be/p8F4e3xkVCE
Song: Pandenno
Independent single
Sung by: Sachin Warrier
Music by: Nithin Peetambaran
Lyrics by: Vishnu V P



Vishnu V P

https://youtu.be/G4kY8uO-X8Y
Song: Mazha
Independent single
Sung by: Nithin Peetambaran
Music by: Nithin Peetambaran
Lyrics by: Vishnu V P
Lead actors in the video:
Nisil Haneef and Kajol Nisil.

Directed by:
Nithin Peetambaran (IC 07-11)
Written by:
Vishnu V P ( EEE 07-11)
Nisil Haneef (CE 07-11)

Contact: Nithin 99951 27918

## SUB BROTHERS

Short film directed by:

Sandeep Ravindranath (2005 EC)



Sound Engineer:

Krishnanunni K J (2006 ME)



Link:

https://www.youtube.com/watch?v=dWdQMI8g8LM




Two brothers from Pakistan run a sandwich shop in Chicago. Through the daily struggles of an immigrant life, they carry in their hearts a longing for the homeland that they might never return to.

A PAGE LINKED TO CREATIVE TALENTS FROM OUR CAMPUS

ART LINKS

darsana

FILL THE VOID WITH LIGHT LET US UNITE

INITIATIVE FOR EDUCATION, INSIGHT AND EMPOWERMENT

## നിങ്ങൾ

# ദർശനയിൽ

# ഇതുവരെ അംഗമായില്ലേ?

നിങ്ങൾ പഠിച്ചിരുന്ന കാലത്തെ നിലവിൽ ദർശന അംഗങ്ങളായ സുഹൃത്തുക്കളേയോ നിങ്ങൾ താമസിക്കുന്ന പ്രദേശത്തിന് ഏറ്റവും അടുത്തുള്ള ദർശന ചാപ്റ്റർ കോ-ഓർഡിനേറ്റർമാരെയോ ബന്ധപ്പെടുക. അവരുടെ നിർദ്ദേശത്തോടെ പൂരിപ്പിച്ച അംഗത്വഫോറവും അംഗത്വഫീസും നൽകുക. നിങ്ങളുടെ തൊഴിൽമേഖലയും സ്ഥലവുമനുസരിച്ചുള്ള സാധ്യതകൾക്ക് ഏറ്റവും അനുയോജ്യമായ വിധത്തിൽ ദർശനയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാവുക. അങ്ങനെ സമൂഹത്തിന് പലതും തിരിച്ചുകൊടുക്കാനുള്ള ഉത്തരവാദിത്തം നിർവഹിക്കുക!


## THE EYE

EDITORIAL TEAM

*Chief Editor: Shiju Paul.N (1989)*

*Dr. Sreenadhan S (1982), Niranjan.T.G (1989),*
*Lakshmi (2009), Muhammed Anjel (2014),*
*Maneesha (2010), Shameena Omar (1991)*
*Nisha Sukesh (1996), Omar Sherif (1991),*
*Arjun (2010), Rafique Zechariah (1990), Hrishikesh (2012)*
*Santhosh Koroth (1988), Shafeekh Rahiman (2006), Dileep (2012)*

*Co-ordinators: Mohammed Sameer (2007), Ajmal (2010),*
*Aswath (2011), Vishnu.V.P (2011)*